# SANTHOM VOICE

## RAMANATHAPURAM DIOCESAN BULLETIN



Volume 6 | 2015 - September | No. 9

August 15



ഏവർക്കും പ. കന്യകാമറിയത്തിന്റെ
സ്വർഗ്ഗാരോപണത്തിന്റെയും ഇന്ത്യൻ
സ്വാതന്ത്ര്യദിനത്തിന്റെയും
ആശംസകൾ

August 4



Saint John Maria Vianney
"Patron of Priests, please
pray for our Priests"



Our Lady of Rosary
Pray for us

October




Sending of The Apostles
(Mission Sunday)

October 18

# SANTHOM VOICE
Ramanathapuram Diocesan Bulletin

Volume - 6
2015 September
No. 9



Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Editor
**Fr Thomas Kavunkal**
Mob: 0 94439 37675

Associate Editor
**Fr Alexander Chundattu O.Carm.**
Mob: 0 89033 10281

Published by
**Fr Jose Kannumkuzhy**
Bishop's House, Ramanathapuram
Ph: 0422-4221795

Website :
**www.ramanathapuramdiocese.org**
**www.ramanathapuramdiocese.com**

Conceptualisation & Print
**MARIA PRINTLINKS**
Ramanathapuram. Mob: 9042013148

Annual Subscription : **Rs 250/-**

Single Copy : **Rs 30/-**


## INDEX


| | |
|---|---|
| Intentions of the Holy Father | 02 |
| Pope Francis Tweets | 02 |
| Prayerful Greetings | 02 |
| Festal Greetings | 03 |
| നിങ്ങളുടെ സംശയങ്ങൾ | 04 |
| Your Doubts | 05 |
| ഫാ. ജോസ് കല്ലുവേലിൽ പ്രഥമ എക്സാർക്ക് | 07 |
| ഫാ. ആന്റണി പ്രിൻസ് പാണേങ്ങാടൻ അദിലബാദ് രൂപതയുടെ പുതിയ ഇടയൻ | 09 |
| രൂപതാകാര്യാലയം | 11 |
| ദേശീയ ദിവ്യകാരുണ്യ സമ്മേളനപ്രാർത്ഥന | 14 |
| അറിയിപ്പ് | 15 |
| Priests' Conference | 15 |
| Finance Office | 18 |
| Bishop's Engagements | 22 |
| Bishop's Diary | 23 |
| കുടുംബ കൂട്ടായ്മകൾക്കുള്ള പഠനവിഷയം | 24 |
| Seminary News | 27 |
| Mother Theresa Peace Home | 28 |
| Josephian News | 29 |
| Santhom Social Service Society | 30 |
| Catechetical News | 31 |
| Syro-Malabar Mathruvedi | 32 |
| Altar Boys Association | 33 |
| SMRC News | 34 |
| നവീകരണ മുന്നേറ്റം | 35 |
| CML News | 35 |
| Pithruvedi | 37 |
| Family Apostolate | 38 |
| Snippets | 39 |

## POPE FRANCIS TWEETS



- When we experience the merciful love of the Father, we are more able to share this joy with our neighbour.
- Mary is full of grace. She is a sure refuge for us in times of temptation.
- We are all sinners. Let us be transformed by God's mercy.
- We learn many virtues in our Christian families. Above all, we learn to love, asking nothing in return.
- Hospitality in families is a crucial virtue today, especially in situations of great poverty.
- Let us allow the love of God to take deep root within us. In so doing, we will be able to give ourselves to others
- The most powerful witness to marriage is the exemplary lives of Christian spouses.

### THE PRAYER INTENTIONS OF THE HOLY FATHER

**SEPTEMBER: Universal:** That volunteers may give themselves generously to the service of the needy.

**Evangelization:** That setting aside our very selves we may learn to be neighbors to those who find themselves on the margin of human life and society.

## PRAYERFUL GREETINGS



ഫാ. ജോസ് കല്ലുവേലിൽ
കാനഡയിൽ സീറോ മലബാർ
സഭയ്ക്ക് പ്രഥമ
അപ്പസ്റ്റോലിക് എക്സാർക്ക്




ഫാ. ആന്റണി പ്രിൻസ്
പാണേങ്ങാടൻ അദിലബാദ്
രൂപതയുടെ പുതിയ ഇടയൻ

# FESTAL GREETINGS TO




**Fr Wilson Plackal**



**Fr. Rejeesh Chamakalayil CSJB**
**&**
**Fr. Saneesh Panthaplakkal MST**





പൊള്ളാച്ചി സെന്റ് പോൾസ് സുലേശ്വരംപെട്ടി സെന്റ് എലിസബത്ത് സമൂഹങ്ങൾ സംയുക്തമായി 2015 ആഗസ്റ്റ് 16ന് സമർപ്പിത വർഷം ആചരിച്ചു.

# നിങ്ങളുടെ സംശയങ്ങൾ

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം

**ചോദ്യം:** എന്തിനാണ് നാം മതബോധനത്തിന് പോകുന്നത് ? നാം പുസ്തകത്തിൽ നിന്ന് ഉത്തരങ്ങൾ വിഴുങ്ങി ഉത്തരകടലാസ്സിൽ എഴുതുന്നു. ഒന്നും കൃത്യമായി ഹൃദിസ്ഥമാക്കുന്നില്ല. അങ്ങനെയെങ്കിൽ മതബോധനത്തിന് വന്നിട്ട് എന്തുപകാരം?

**ഉത്തരം:** ഇത് വളരെ പ്രസക്തമായ നിരീക്ഷണവും ചോദ്യവുമാണ്. ഉത്തരങ്ങൾ കാണാപാഠം പഠിച്ച് പരീക്ഷയിൽ നല്ല മാർക്ക് കരസ്ഥമാക്കി സമ്മാനം വാങ്ങിക്കാൻ ശ്രമിച്ചാൽ പരീക്ഷയോടുകൂടി എല്ലാം തീരും. അങ്ങനെചെയ്യുന്നവർ ഒരുപാട് പേരുണ്ട്. അതൊക്കെ കടമ്പ കടക്കാൻ "ആവശ്യവും നിയമവും" പൂർത്തിയാക്കുന്നവരാണ്. ഈശോയിലേയ്ക്കും സഭയിലേയ്ക്കും വളരുന്ന ജീവിതത്തിനുവേണ്ടി മതബോധനത്തിന് വരാത്തവരാണ് അത്തരക്കാർ.

എന്നാൽ ഭൗതികശാസ്ത്രങ്ങൾ പഠിക്കുന്നതിനേക്കാൾ ഉന്നതമായ ലക്ഷ്യം മതബോധനത്തിനുണ്ട്. വിശ്വാസപരിശീലനം നല്ല മാതൃകാപരമായ ക്രിസ്തീയ ജീവിതത്തിനുള്ളതാണ്. നാം അറിഞ്ഞതിനെമാത്രമേ സ്നേഹിക്കൂ, സ്നേഹിച്ചതിനെമാത്രമേ അനുകരിക്കൂ. ഈശോയേയും സഭയേയും സ്നേഹിക്കണമെങ്കിൽ ജീവിതത്തിൽ ഏറ്റവും വിലപ്പെട്ട നിധിയെന്താണെന്ന് നാം അറിയണം.

മാമ്മോദീസയിലൂടെ നാം സ്വീകരിച്ച ക്രിസ്തീയ വിശ്വാസത്തിന്റെ, സഭാംഗത്വത്തിന്റെ യുക്തിയും അർത്ഥവും കണ്ടെത്തുന്ന വേദിയാണ് മതബോധനവേദി അഥവാ വിശ്വാസപരിശീലനവേദി. ഒരുവൻ എന്തിനാണ് ക്രിസ്ത്യാനിയായത്? ഈശോ അവന് ആരാണ്? ഈശോ അവന്/അവൾക്കുവേണ്ടി എന്താണ് ചെയ്തത്? തനിക്ക് സഭയുമായുള്ള ബന്ധം എന്താണ്? സഭയോടുള്ള തന്റെ കടമ എന്താണ്? എന്തിനാണ് ഒരുവൻ വചനം വായിക്കുന്നത്? തിരുവചനം ഒരുവനിൽനിന്ന് എന്താണ് ആവശ്യപ്പെടുന്നത്? എന്തിനാണ് ഒരുവൻ കൂദാശകൾ ജീവിത കാലഘട്ടത്തിന്റെ പല പ്രായത്തിൽ സ്വീകരിക്കുന്നത്? തിരുസ്സഭയുടെ സ്വഭാവം എന്താണ്? എന്താണ് കത്തോലിക്കാസഭയും അകത്തോലിക്കാസഭകളും ഇതരസഭാസമൂഹങ്ങളും തമ്മിലുള്ള വ്യത്യാസം? വ്യത്യസ്ത ക്രിസ്തീയ സഭകളിലും സമൂഹങ്ങളിലും കത്തോലിക്കാസഭയുടെ സവിശേഷതയ്ക്കും അതുല്യതയ്ക്കും അടി

സ്ഥാനമെന്താണ്? ഇങ്ങനെയുള്ള ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്ന ഇടമാണ് വിശ്വാസ പരിശീലനവേദി.

ദൈവീകമായ കാര്യങ്ങളെപ്പറ്റി അറിയാൻ മതബോധനക്ലാസ്സിലേക്ക് വരുന്നവർ സ്വഭാവികമായും പ്രാർത്ഥിച്ചൊരുങ്ങിവരണം. "നാഥാ, നിന്നേയും നിന്റെ സഭയേയുംപ്പറ്റി കൂടുതൽ വിശദമായും ആഴത്തിലും മനസ്സിലാക്കാൻ നിന്റെ അരൂപിയാൽ എന്നെ പ്രകാശിപ്പിക്കണമേ" എന്ന് പ്രാർത്ഥിച്ച് ക്ലാസ്സിൽ ആയിരിക്കണം. അപ്പോൾ മതബോധനക്ലാസ്സ് ഒരിക്കലും മടുക്കുന്നതാകില്ല, മറിച്ച് അത് വലിയ ക്രിസ്തീയനുഭവമാർഗ്ഗമായി പരിണമിയ്ക്കും. കാലക്രമേണ, വി. പൗലോസിന്റെ കാര്യത്തിലെന്നപോലെ, നമ്മുടെ ജീവിതവും ഈശോയെപ്പറ്റിയുള്ള അറിവിന്റെ മണൽത്തിട്ടയിൽ നിന്ന് ക്രിസ്ത്വാനുഭവത്തിലേയ്ക്ക് രൂപപ്പെടും. "ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു" (ഗലാ. 2:20) എന്ന അനുഭവം. അതായത്, ക്രിസ്തു നിറഞ്ഞുനിൽക്കുന്ന ഒരുവന്റെ മതബോധനം/ വിശ്വാസപരിശീലനം ഈ രീതിയിൽ ഫലദായകമാകണം. അങ്ങനെയെങ്കിൽ മതബോധനക്ലാസ്സ് ക്രിസ്ത്വാനുഭവം പകരുന്ന ധന്യമായ ഉറവിടമാകും. ഒരിക്കലും അത് മടുപ്പിന് കാരണമാകുകയില്ല.

---

## <u>"YOUR DOUBTS"</u>

**Bishop Paul Alappatt**
Ramanathapuram

**Question:** Why do we go for catechism? To know about Jesus, but we are just swallowing answers from the book and writing it in the answer paper. Ultimately, we learn nothing. So what is the point in going for catechism?

**Answer:** This is a very relevant observation and question. Everything will come to an end with examination if one learns lessons simply by heart, secures good marks in the examination and gets prize. There are many who do like that even in the case of catechism or faith formation. Those who do in that way are those who fulfil "requirement and law" in order to supercede "obstruction" on the way forward. They are such, who do not come for catechism with the aim of a life growing to Jesus and His Church.

At the same time, catechism or faith formation has an aim loftier than the

study of worldly sciences. The former aims at a good and exemplary Christian life. We will love only the one whom we know and imitate only the one whom we love. If we want to love Jesus and His Church we should realize what is the most precious treasure in our life.

The Class of the Catechism/Faith formation is meant to find out the reason and meaning of the Christian faith, Church membership which one receives through the sacrament of baptism. Why does one become a Christian? Who is Jesus to him? What did Jesus do for him/her? What is his/her relationship with the Church? What is one's obligation towards the Church? What does one read from the Holy Scripture for? What does the Word of God demand from one? What does one receive the sacraments in different periods of one's life for? What is the nature of the Church? What is the difference between the Catholic Church and the non-Catholic churches & other ecclesiastical communities/sects? What is the basis for the speciality and uniqueness of the Catholic Church among various Churches, ecclesiastical communities and sects. The Catechism classes respond to all these questions.

Those who come to the Catechism classes with the aim of getting deepened in divine things naturally should come after due prayerful preparation. Let them enter the class with this prayer: " Lord, please enlighten me by sending Your Spirit that I may be able to understand in more detail and deeply about You and Your Church". Then the Catechism class will never be felt boring and waste of time, but it will be felt as a means for an enriching Christ-experience. Eventually, as happened in the case of St. Paul, our life will also be transformed from the sandbank of mere knowledge about Christ (as Mahatma Gandhi and Swami Vivekananda had) to the rock of Christ experience, i.e. "It is no longer I who live, but Christ who lives in me;" (Gal. 2:20). It means, a life of a one full of Christ. In brief, if our catechism becomes efficacious in this way, it will become an enriching source of the experience of Christ and His Church and never be felt boring and waste of time.

# സീറോ മലബാർ സഭയ്ക്ക് കാനഡയിൽ അപ്പസ്റ്റോലിക് എക്സാർക്കേറ്റ് ഫാ. ജോസ് കല്ലുവേലിൽ പ്രഥമ എക്സാർക്ക്

കാനഡയിലെ സീറോമലബാർ വിശ്വാസികൾക്കുവേണ്ടി ടൊറോന്റോയിലെ മിസ്സിസൗഗാ ആസ്ഥാനമാക്കി ഒരു അപ്പസ്റ്റോലിക് എക്സാർക്കേറ്റ് സ്ഥാപിച്ചുകൊണ്ടും ആദ്യ എക്സാർക്കായി പാലക്കാട് രൂപതാ വൈദികനായ ഫാ. ജോസ് കല്ലുവേലിയെ നിയമിച്ചുകൊണ്ടും പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ ഉത്തരവായി. ഇദ്ദേഹത്തിന് തബാൽത്താ രൂപതയുടെ സ്ഥാനിക മെത്രാൻ പദവിയുമുണ്ടായിരിക്കും. ഇതുസംബന്ധമായി മാർപാപ്പായുടെ പ്രഖ്യാപനം ഇന്ന് 2015 ആഗസ്റ്റ് 6 വ്യാഴാഴ്ച റോമൻ സമയം ഉച്ചയ്ക്ക് 12 മണിക്ക് വത്തിക്കാനിലും ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3.30 ന് കാക്കനാട് സീറോമലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിലും അതിനു തുല്യമായ സമയത്ത് കാനഡായിലും പ്രസിദ്ധപ്പെടുത്തി. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും കാനഡായിൽ അപ്പസ്റ്റോലിക് വിസിറ്റേറ്റർ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്തുമാണ് ഈ സന്തോഷവാർത്ത അറിയിച്ചത്.

1955 നവംബർ 15 ന് പാലാ രൂപതയിൽ കുറവിലങ്ങാട് അടുത്തുള്ള തോട്ടുവായിലാണ് ഫാ. ജോസ് കല്ലുവേലിയുടെ ജനനം. പാലക്കാട് രൂപതയിലെ ജെല്ലിപ്പാറ സെന്റ് പീറ്റർ ഇടവകയിലാണ് ഇപ്പോൾ ഇദ്ദേഹത്തിന്റെ കുടുംബം താമസിക്കുന്നത്.

തൃശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിലും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കിയ ഫാ. കല്ലുവേലിൽ പാലക്കാട് രൂപതയ്ക്കുവേണ്ടി 1984 ഡിസംബർ 18 ന് പൗരോഹിത്യം സ്വീകരിച്ചു. ഈ രൂപതയിലെ അഗളി, കുറുവംപടി, പുലിയറ, പന്തളംപാടം, ഒലവക്കോട്, ധോണി, ഒറ്റപ്പാലം, കോട്ടായി, കല്ലേക്കാട്, പാലക്കാട് കത്തീഡ്രൽ, കൊടുന്തിരപ്പുള്ളി, കാഞ്ഞിരപ്പുഴ, മെഴുകുംപാറ എന്നീ ഇടവകകളിലും അഗളി, താവളം എന്നീ ബോയിസ് ഹോമുകളിലും ശുശ്രൂഷ

ചെയ്തിട്ടുള്ള നിയുക്ത എക്സാർക്ക് രൂപതാ പാസ്റ്ററൽ സെന്ററിന്റെയും വിശ്വാസപരിശീലനകേന്ദ്രത്തിന്റെയും കെ.സി.എസ്.എൽ. സംഘടനയുടെയും ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ രൂപതാ എപ്പാർക്കിയൽ കൺസൾട്ടറുമായിരുന്നു. റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്ന് കാറ്റക്കേസിസിൽ ഗവേഷണ പഠനം നടത്തി ഡോക്ടറേറ്റ് നേടി. നിലവിൽ കഴിഞ്ഞ രണ്ടു വർഷമായി ടൊറോന്റോയിലെ പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനശുശ്രൂഷ നിർവ്വഹിച്ചുവരുമ്പോഴാണ് പുതിയ നിയമനം ലഭിച്ചിരിക്കുന്നത്.

കാനഡായിൽ ഔദ്യോഗികരേഖകളനുസരിച്ച് 35000 സീറോമലബാർ വിശ്വാസികളുണ്ട്. വിവിധ രൂപതകളിൽ നിന്നും സന്യാസസമൂഹങ്ങളിൽ നിന്നുമായി ധാരാളം വൈദികർ കാനഡായിലെ വിവിധ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും ശുശ്രൂഷ ചെയ്യുന്നു.

രൂപതയായി സ്ഥാപിക്കപ്പെടാത്തതും എന്നാൽ രൂപതയോട് ഏതാണ്ട് സമാനവുമായ ഒരു സഭാഭരണസംവിധാനമാണ് എക്സാർക്കി. വിശ്വാസികളുടെയും ഇടവകകളുടെയും എണ്ണക്കുറവും, മറ്റു സംവിധാനങ്ങളുടെ അപര്യാപ്തതകളും മൂലമാണ് എക്സാർക്കികൾ സ്ഥാപിക്കപ്പെടുന്നത്. സംവിധാനങ്ങൾ ക്രമീകൃതമായി കഴിയുമ്പോൾ രൂപതയുമായി ഉയർത്തപ്പെടാം. സീറോമലബാർ സഭയ്ക്ക് ഇന്ത്യയിൽ കേരളത്തിനു പുറത്ത് ഇപ്പോഴുള്ള പല രൂപതകളും പ്രാരംഭത്തിൽ എക്സാർക്കികളായിരുന്നു. ഈ സഭയ്ക്ക് ഇൻഡ്യയ്ക്കു വെളിയിൽ ലഭിക്കുന്ന ആദ്യത്തെ എക്സാർക്കിയാണ് കാനഡായിലെ മിസ്സിസൗഗാ. പുതിയ എക്സാർക്കിയുടെ ഉദ്ഘാടനവും എക്സാർക്കിന്റെ അഭിഷേകവും സ്ഥാനാരോഹണവും സംബന്ധിച്ച തീയതി പിന്നീട് തീരുമാനിക്കും.

**ഫാ. ആന്റണി കൊള്ളന്നൂർ**
മേജർ ആർക്കി എപ്പസ്കോപ്പൽ ചാൻസലർ

കാക്കനാട്
06.08.2015

# ഫാ. ആന്റണി പ്രിൻസ് പാണേങ്ങാടൻ അദിലബാദ് രൂപതയുടെ പുതിയ ഇടയൻ

തെലുങ്കാനസംസ്ഥാനത്തുള്ള അദിലബാദ് സീറോ മലബാർ രൂപതയുടെ രണ്ടാമത്തെ മെത്രാനായി ഫാ. ആന്റണി പ്രിൻസ് പാണേങ്ങാടൻ നിയമിക്കപ്പെട്ടു. ഇതു സംബന്ധമായി പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പയുടെ പ്രഖ്യാപനം ഇന്ന് (2015 ആഗസ്റ്റ് 6 വ്യാഴം) റോമൻ സമയം ഉച്ചയ്ക്ക് 12 മണിക്ക് വത്തിക്കാനിലും ഇൻഡ്യൻ സമയം ഉച്ചതിരിഞ്ഞ് 3.30 ന് കാക്കനാട് സീറോമലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിലും അദിലബാദ് ബിഷപ്സ് ഹൗസിലും പ്രസിദ്ധപ്പെടുത്തി. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയും അദിലബാദ് രൂപതാ ആസ്ഥാനത്ത് ഇപ്പോഴത്തെ മെത്രാൻ മാർ ജോസഫ് കുന്നത്തുമാണ് ഈ സന്തോഷ വാർത്ത അറിയിച്ചത്. അറിയിപ്പിന് ശേഷം മാർ ജോസഫ് കുന്നത്ത് നിയുക്ത മെത്രാനെസ്ഥാനചിഹ്നങ്ങൾ അണിയിച്ചു.

1976 മെയ് 13ന് തൃശൂർ അതിരൂപതയിലെ അരിമ്പൂർ സെന്റ് ആന്റണീസ് ഇടവകയിലാണ് പുതിയ ഇടയന്റെ ജനനം. സി.എം.ഐ. സന്യാസസമൂഹാംഗമായി സെമിനാരി പരിശീലനത്തിന്റെ പ്രാരംഭ ഘട്ടം പിന്നിട്ട അദ്ദേഹം മിഷൻ രൂപതയായ അദിലബാദിൽ ചേരുകയായിരുന്നു. ബാംഗ്ളൂർ ധർമ്മാരാം വിദ്യാക്ഷേത്രം, ഉജ്ജെയിൻ റൂഹാലയ എന്നിവിടങ്ങളിൽ തത്വശാസ്ത്ര-ദൈവശാസ്ത്രപഠനം പൂർത്തിയാക്കി 2007 ഏപ്രിൽ 25 ന് പൗരോഹിത്യം സ്വീകരിച്ചു. അദിലബാദ് കത്തീഡ്രൽ ദൈവാലയത്തിൽ അസ്സിസ്റ്റന്റ് വികാരിയായും സാലിഗോൺ ഇടവകയിൽ വികാരിയായും സേവനമനുഷ്ടിച്ച ശേഷം ഉപരിപഠനത്തിനായി റോമിലേക്ക് പോയി. റോമിലെ പ്രസിദ്ധമായ ഉർഹാനിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റു നേടിയിട്ടുണ്ട്. മാതൃഭാഷയായ മലയാളം കൂടാതെ

ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ, ഗ്രീക്ക്, സുറിയാനി, ലത്തീൻ, തെലുങ്ക് എന്നീ ഭാഷകളിൽ നിയുക്ത മെത്രാന് പ്രവീണ്യമുണ്ട്. ഇപ്പോൾ രൂപതാ പ്രോട്ടോസിൻചെല്ലൂസായും കത്തീഡ്രൽ വികാരിയായും സേവനമനുഷ്ഠിക്കുന്നു.

ഛാന്ദാ രൂപതയുടെ ആന്ധ്രാപ്രദേശിലുള്ള ഭൂപ്രദേശം വേർതിരിച്ച് 1999 ജൂലൈ 23 നാണ് അദിലബാദ് രൂപത സ്ഥാപിക്കപ്പെട്ടത്. ഇതേവർഷം ഒക്ടോബർ 6 ന് മാർ ജോസഫ് കുന്നത്ത് സി.എം.ഐ. പ്രഥമ മെത്രനായി അഭിഷേകം ചെയ്യപ്പെട്ടു. എഴുപത്തഞ്ചു വയസ്സു പൂർത്തിയായപ്പോൾ മാർ കുന്നത്ത് കാനൻ നിയമപ്രകാരം രാജി സമർപ്പിച്ചതിനെതുടർന്നാണ് പുതിയ മെത്രാന്റെ നിയമനം ആവശ്യമായി വന്നത്.

15000 കത്തോലിക്കാ വിശ്വാസികളുള്ള ഈ രൂപതയിൽ വിവിധ ഇടവകകളിലും മിഷൻ സെന്ററുകളിലുമായി 40 രൂപതാ വൈദികർ ശുശ്രൂഷ ചെയ്യുന്നു. ഇതു കൂടാതെ പാലാ രൂപതയിൽ നിന്നും വിവിധ സന്യാസസമൂഹങ്ങളിൽ നിന്നുമുള്ള 91 വൈദികരും ബ്രദേഴ്സും, പല സന്യാസിനീസമൂഹങ്ങളിൽ നിന്നായി നിരവധി സിസ്റ്റേഴ്സും പ്രേഷിതശുശ്രൂഷ നിർവ്വഹിച്ചുവരുന്നു. സാമൂഹ്യസേവനരംഗത്തും ജീവകാരുണ്യപ്രവർത്തനമേഖലയിലും വിദ്യാഭ്യാസ ആതുരശുശ്രൂഷരംഗത്തും ഈ രൂപത പ്രവർത്തനനിരതമാണ്.

പുതിയ മെത്രാന്റെ അഭിഷേകവും സ്ഥാനാരോഹണവും സംബന്ധിച്ച വിവരങ്ങൾ പിന്നീട് തീരുമാനിക്കും.

**ഫാ. ആന്റണി കൊള്ളന്നൂർ**

മേജർ ആർക്കി എപ്പസ്കോപ്പൽ ചാൻസലർ

കാക്കനാട്

06.08.2015

# രൂപതാകാര്യാലയം

## A. ഓർമ്മിക്കേണ്ട ദിവസങ്ങൾ

2015 സെപ്റ്റംബർ

1 : പ. കന്യകാമറിയത്തിന്റെ ജനനതിരുനാളിനൊരുക്കമായുള്ള എട്ടുനോമ്പാരംഭം (ഇതിന്റെ പ്രാധാന്യവും ആവശ്യകതയും ജനങ്ങളെ അറിയിക്കണം).

4 : ആദ്യവെള്ളി

5 : കൽക്കട്ടായിലെ വാഴ്ത്തപ്പെട്ട മദർ തെരേസ

8 : പ. കന്യകാമറിയത്തിന്റെ ജനനതിരുനാൾ (കത്തോലിക്കാ മാതൃദിനം)

13 : വി. ജോൺ ക്രിസോസ്റ്റം

14 : വി. കുരിശിന്റെ പുകഴ്ച (ഈശോയുടെ തിരുക്കുരിശ് കണ്ടെത്തിയതിന്റെ ഓർമ്മ)

21 : വി. മത്തായി ശ്ലീഹാ

27 : വി. വിൻസെന്റ് ഡി പോൾ

29 : മുഖ്യദൂതന്മാരായ വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ

30 : വി. ജെറോം

## B. പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത ജനറൽ ബോഡി സമ്മേളനം 12.09.2015 ശനിയാഴ്ച ഉച്ചയ്ക്ക് 2.00 മണിക്ക് രാമനാഥപുരം കത്തീഡ്രൽ പാരീഷ് ഹാളിലാണെന്ന് അറിയിച്ചിരുന്നല്ലൊ. മീറ്റിംഗിന് അംഗങ്ങളും മറ്റു ക്ഷണിതാക്കളും കൃത്യം സമയത്ത് എത്തിച്ചേരണം.

"ചർച്ചസഹായി" ചർച്ച ചെയ്തതിന്റെ റിപ്പോർട്ട് 31.08.2015ന് മുമ്പ് രൂപതാ കാര്യാലയത്തിന്റെ തപാൽപ്പെട്ടിയിൽ നിക്ഷേപിക്കണമെന്ന് മുമ്പ് അറിയിച്ചിരുന്നത് ഓർക്കുക. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റും ഓർക്കുക ( "സാൻതോം വോയ്സ്" ആഗസ്റ്റ് 2015, പേജ് 42-50)

## C. വൈദികരുടെ വാർഷികധ്യാനം

സെപ്റ്റംബർ 14 മുതൽ 19 വരെ കോയമ്പത്തൂരിലെ ചിന്താമണിപുത്തൂർ ഡിവൈൻ ധ്യാനഇല്ലത്ത് വച്ചാണ് വൈദികരുടെ വാർഷിക ധ്യാനം. രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും ധ്യാനകേന്ദ്രത്തിൽ മുഴുവൻ സമയവും താമസിച്ച് ധ്യാനത്തിൽ പങ്കുചേരണം. ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരേണ്ടവയെ സംബന്ധിച്ച അറിവിന് "സാൻതോം വോയ്സി"ന്റെ 2015 ജൂലായ് ലക്കത്തിൽ "രൂപതാകാര്യാലയം" നോക്കുക.

## D. പുതിയ രൂപതാ ഡയറക്ടറി

രൂപതയുടെ പുതിയ "ഡയറക്ടറി (2015)" ഗാന്ധിപുരം മത ബോധനബുക്ക് സ്റ്റാളിൽ നിന്ന് 17.8.2015 മുതൽ ലഭിക്കുന്നതാണ്. വില ഒരു കോപ്പിക്ക് 100 രൂപ


## E. Permissions/approvals granted:

1. Approval granted to the annual therattu (2014-'15) of the Eparchial Catechism centre and Bookstall (Order No. 130/2015 dated 14-7-2015)
2. Approval granted to the annual therattu (2014-'15) of St. Sebastian's church, Udumalpettu (Order No. 133/2015 dated 24-7-2015)
3. Approval granted to the annual therattu (2014-'15) of Karunyamatha chapel, Karunyanagar (Order No. 134/2015 dated 28-7-2015)
4. Permission granted to St. Alphonsa Mission centre, Palladam for completing remaining construction works in the centre (Order No. 135/2015 dated 29-7-2015)
5. Approval granted to the annual therattu (2014-'15) of Santhom Social Service Society (SSSS) (order no. 136/2015 dated 29-7-2015)
6. Approval granted to the annual therattu (2014-'15) of St. Joseph's church, R.S. Puram (Poomarket) (Order No. 137/2015 dated 30-7-2015)
7. Approval granted to the annual therattu (2014-'15) of Syro-Malabar community,Vadavally (Order No. 138/2015 dated 30-7-2015)
8. Approval granted to the annual therattu (2014-'15) of St. Jude's Mission centre, Dharapuram (Order No. 142/2015 dated 05-8-2015)
9. Approval granted to the list of the members of the Prathinidhiyogam (2015-'18) of Holy Trinity Cathedral Parish, Ramanathapuram (Order No. 143/2015 dated 06-8-2015)
10. Permission granted to Holy Trinity Cathedral, Ramanathapuram for construction of the Flag post in front of the Cathedral in memory of the Golden Jubilee of the church (Order No. 145/2015 dated 10-8-2015)

## F. Appointment of Kaikars (2015-'16):

| | | | |
|---|---|---|---|
| 1. | Perianaickampalayam | : | Mr.Mathew Kulakadamthadathil & Mr.Joseph Vazhapilly |
| 2. | Erode | : | Mr.Louis Alappadan & Mr. Johnson Mechery |
| 3. | Sastrinagar | : | Mr.Babu Thillery |
| 4. | Mahalingapuram Pollachi | : | Mr. Varghese Arimboor & Mr. Biju Alex Cheruvalaparabil |
| 5. | Pollachi Aroghymatha | : | Mr.P. L. Varghese & Mr. Benny Vadakkan |
| 6. | Sulesvarampetty | : | Mr. Albert Thoppil & Mr. Cicil Kannissery |
| 7. | Valparai | : | Mr. Jomy Joseph Palamattam & Mr. Poulose Nellissery |
| 8. | Kuniamuthur | : | Mr. Chazhoor Jacob Shaju |

| | | | |
|---|---|---|---|
| | | | & Mr.Josy George Tharakan |
| 9. | Podannur | : | Mr. M. D. Francis & Mr. C. C. George Choondal |
| 10. | Gandhipuram | : | Mr. Jose Athupallil & Mr. Vincent Vellanikkaran<br>Mr. Biju Benny Velukkaran |
| 11. | Ganapathy | : | Mr.Jose C. Chungath &<br>Mr. Sanoj G. Vazhappilly |
| 12. | Edayapalayam | : | Mr. U. K. Joseph Ukkan & Mr. Jolly Paul<br>Neelankavil |
| 13. | Chinnathottipalayam | : | Mr. Jos Mani & Mr. Francis Prakash |
| 14. | Mettupalayam | : | Mr. GeorgeKutty Velimparambil &<br>Mr. Viju Pudussery |
| 15. | Saibaba Colony | : | Mr. Bernard Edakalathur & Mr. Antony Alappatt |
| 16. | Karamadai | : | Mr. Jobin Neyyan & Mr. Benny Vellara |
| 17. | Sulur aero | : | Mr. Jophy Chazhoor & Mr. Prinson Edassery |
| 18. | Palladam | : | Mr. Stephen Kunnath & Mr. Jobin Alappadan |
| 19. | Viswasapuram | : | Mr. Joy Poranthirapilly D. & Mr. Jacob Melletta |
| 20. | Tirupur | : | Mr. Madhu Peruvelil & Mr. Shajan Thekkoodan |
| 21. | Kangeyam | : | Mr. Jose Maliekal & Mr. Joseph Maliekal |
| 22. | Chennimalai | : | Mr. K. A. Jose |
| 23. | Ukkadam | : | Mr.Joseph Kollannoor &<br>Mr. Johny Nayankara Oodan |
| 24. | Karur | : | Mr. Francis Puthookara &<br>Mr. Shaju Kombarakkaran |
| 25. | Ramanathapuram | : | Mr.P.X. George Palamattam, Mr. K. P. Thomas<br>Kachappilly & Mr. M.J. Raphael Alappatt |
| 26. | Udumalpettu | : | Mr. Martin Pulikuthiyil & Mr. Michael Thommana |
| 27. | Karunyanagar | : | Mr. Jeevan Varghese (Chief Co-ordinator) |
| 28. | R.S. Puram (Poomarket) | : | Mr. Antony Mannara, Mr. Joy Parekadan |
| 29. | Vadavally | : | Mr. S. Xavier (Common Coordinator) |
| 30. | Dharapuram | : | Mr. Stephen Kakkassery,<br>Mr. Rajesh Kuruvila Nelliyakunnel |



**Mgr. George Narikuzhi**
Syncellus

# ദേശീയ ദിവ്യകാരുണ്യ സമ്മേളനപ്രാർത്ഥന

കാരുണ്യവാനും സ്നേഹനിധിയുമായ പിതാവേ, അങ്ങ് ഞങ്ങൾക്ക് ഈ വർഷം നൽകിയിരിക്കുന്ന ദേശീയ ദിവ്യകാരുണ്യ സമ്മേളനത്തിന്റെ 50-ാം വാർഷികാനുസ്മരണത്തെയോർത്ത് നന്ദി പറയുന്നു. ഈ ദേശീയ ദിവ്യകാരുണ്യ സമ്മേളനത്തിലൂടെ അങ്ങയുടെ മക്കളായ ഞങ്ങളെ വിശുദ്ധകുർബ്ബാനയിലെ ദിവ്യകാരുണ്യനാഥന്റെ മനുഷ്യരക്ഷയ്ക്കായുള്ള സ്വയം ദാനം അനുസ്മരിച്ചുകൊണ്ട് ഈ ദൈവീകരഹസ്യത്തെ ജീവിതത്തിൽ പകർത്തുവാൻ സഹായിക്കണമെ.

പരിശുദ്ധാത്മാവിന്റെ നിറവിൽ ഞങ്ങളെല്ലാവരും ദിവ്യകാരുണ്യനാഥന്റെ സ്നേഹത്താൽ ജ്വലിച്ച് പരിശുദ്ധ കുർബ്ബാനയുടെ അപ്പസ്തോലന്മാരാകാൻ അനുഗ്രഹമരുളണമെ. ഭക്തിയോടും ശ്രദ്ധയോടും തീക്ഷണതയോടും കൂടെയുള്ള ബലിയർപ്പണത്തിലൂടെ അങ്ങയുടെ വചനത്താലും തിരുശരീരരക്തത്താലും ഞങ്ങൾ പരിപോഷിപ്പിക്കപ്പെട്ടവരാകാൻ ഇടയാക്കണമെ. നിസ്വാർത്ഥമായ സ്നേഹത്തിലൂടെ ഭാരതത്തിലെ ക്ലേശിതരും ദുഖിതരും ദരിദ്രരരും പീഡിതരും രോഗികളുമായ എല്ലാവരിലും അങ്ങയിലുള്ള പ്രത്യാശ നിറയ്ക്കണമെ.

സന്തോഷത്തിനും സ്നേഹത്തിനും വേണ്ടി ദാഹിക്കുന്നവർക്കായി സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും മദ്ധ്യസ്ഥരായി ഞങ്ങളെ മാറ്റണമെ. പരിശുദ്ധ അമ്മയിലൂടെ മനുഷ്യാവതാരം ചെയ്ത, ലോകരക്ഷയ്ക്കായി മുറിയപ്പെട്ട ജീവന്റെ അപ്പത്തിന്റെ ഭാഗമാകുവാൻ ഞങ്ങളെ സഹായിക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും ആമ്മേൻ.

# PRAYER OF THE NATIONAL EUCHARISTIC CONGRESS

Most gracious and loving Father, we thank you for the gift of the National Eucharistic Congress in India this November. We see in this Congress your invitation to each of us, sons and daughters of India, to enter more deeply into the mystery of the Eucharist which is your Son's gift of Himself to us.

Though the action of the Holy Spirit, mould us into apostles of Eucharistic love and zeal. Enkindle in us a passionate desire to be nourished in every Eucharist through your word and sacrament. Filled with selfless love for others, may we take your message of hope to the poor and the needy, the sick and the dying, the rejected and the lonely in our motherland.

Transform our lives into a haven of peace and fellowship in a world yearning for meaning and happiness. Through the intercession of Mary, Mother of the Incarnate Word, may we become a piece of the Bread of Life that Jesus your Son broke for a new world. We make this prayer through Christ our Eucharistic Lord. Amen

# അറിയിപ്പ്

ഞായറാഴ്ചകളിൽ വി.കുർബ്ബാനയിൽ നേരത്തെ പങ്കെടുത്ത് യാത്രയ്ക്കും മറ്റും പോകാൻ ആഗ്രഹിക്കുന്നവരുടെ സൗകര്യം കണക്കിലെടുത്ത് രാമനാഥപുരം രൂപതയിലെ താഴെപറയുന്ന പള്ളികളിൽ ആദ്യത്തെ കുർബ്ബാനഇപ്രകാരം ക്രമീകരിച്ചിരിക്കുന്നു.

| | | |
|---|---|---|
| 1. | രാമനാഥപുരം കത്തീഡ്രൽ | **6.00 am** |
| 2. | ഗാന്ധിപുരം | **6.30 am** |
| 3. | ഉക്കടം | **6.00 am** |
| 4. | പൊള്ളാച്ചി | **6.15 am** |

# DIRECTIVES THAT EMERGED FROM THE CONFERENCE OF PRIESTS ORGANIZED AT MINOR SEMINARY, VADAKKUKAD (04-8-2015)

1. All were reminded of the forthcoming annual retreat from 14th to 19th September 2015 at Divine Dhyana Illam, Chinthamanipudur (CBE) and the need of attending it without fail.

2. It was again reminded that the annual terattu of the churches/mission centres or institutions or associations is to be passed in the concerned body with competence for the same only after internal as well as CA auditing.

3. The institutions or associations belonging to a Parish or mission centre, in case they do not have their own PAN cards, are hereafter subject to CA audit along with the Mother parish/mission centre with its own PAN card and their annual therattu is to be submitted to the Eparchial Curia for approval along with the annual therattu of the parish or mission centre to which they belong, after being passed in the concerned body with competence to pass.

4. Everybody was requested to conscientize the people about the advantage of the use of the Syro-Malabar Matrimonial Website.

5. On experiment, hereafter there will be service charge of Rs. 250.00 for each hall at Ramanathapuram Cathedral per day and it is to be paid at the time of booking. Those who book the hall are responsible to replace everything in order after the function.

6. If any church or institution or association wants to start bank account in a bank by making use of the common PAN card of the Bishop's House, prior permission is to be obtained from the Finance Office.

7. Everybody was requested to implement the suggestions/decisions

which emerged from the discussions in the joint meeting of the priests, kaikars, accountants, internal auditors etc. on 01-8-2015.

8. All were requested to make genuine attempt for raising annual maintenance fund of the eparchy in the best way possible by distributing the letter of the bishop to the families through concerned family koottaimas and entrusting covers back to the Finance office of the eparchy before 31-8-2015.

9. All were requested to explain to the persons concerned (sacristans, choir members and the extra-ordinary ministers of the communion etc.) as soon as possible about the content of the circular published at Santhom Voice (August 2015 pp. 7-10).

10. The list of the delegates of the eparchy for the forthcoming National Eucharistic Congress in Mumbai from 12 to 15, November 2015 was read out in the meeting. The delegates are Fr. Joseph Puthur (Gandhipuram), Sr. Alphonsa LSMS (Minor Seminary), Dr. George Zacharia (Ramanathapuram), Mrs. Mary Selvaraj (Pollachi) and Miss Merin Mathew (Tirupur).

11. Reminder was given regarding the forthcoming general body meeting of the eparchial pastoral council scheduled to be held at 2.00 p.m. at Ramanathapuram on 12-9-2015. Priests were requested to give leadership for the study of the theme on “Marriage and Family” and send the report to the Eparchial Curia before 31-8-2015.

12. A copy of the booklet and CD on the “Way of Resurrection” was entrusted to Fr. Joby Thekkinedath, the Manager of the Catechetical Bookstall for necessary circulation and sale

13. Fr. Thomas Kavungal in charge of the documentation and updating of the civil documents pertaining to the eparchy and the parishes/mission centres, institutions or associations informed in writing the uptodate state of the documents available and requested the cooperation of all in writing for completion of the task entrusted to him.

14. In order to make the people aware of various pension schemes and other previleges from the Government, Fr. George Kunnathuparambil, the Director of the Eparchial Social Service was again requested to implement the suggestion of the Trichur Metropolitan inter-curia meeting for making use of the service of Kila team at M.G. Kavu (Tcr)

15. The Director of Eparchial Pithruvedi was requested to strengthen the Pithruvedi units of the eparchy in such a way that it may be amalgamated to Syro-Malabar Catholic Congress as the Ramanathapuram unit of the latter.

16. Since the pastoral visit is to be conducted once in every five years (CCEO c. 205), it was again reminded that the next round of the pastoral visit is to be started in every parish/mission centre, which has already completed five years after the previous visit.

17. Fr. Thomas Kavungal, Director of the Mathruvedi informed about and requested cooperation of all for the gathering of the parents of the religious organized by the former in connection with the Year of the Consecrated.

18. The report with suggestions on the Refresher course of priests was presented in the meeting. They are to be implemented under the leadership of the agenda committee of the Presbyteral council. The suggestions/decisions which emerged from the following discussion are given below:

Cultural adaptation:

a. Integration with the local cultural celebrations may be promoted. But they are to be conducted in such a way that the elements of the Catholic faith may in no way be diluted and affected. For example, like Onam, Pongal also could be celebrated. Similarly, like Saraswathi pooja for Hindus, Ezhuthiniruthal Karmam for Catholics could be conducted on the first Sunday in the Month of June every year.

b. Holy Qurbana in Tamil language according to the Syro-Malabar rite once in a Month may also be promoted.

c. As the Migrant communities, readings and special prayers including karosouza could be also in English and Tamil

d. Rosary of Our Lady may be recited also in Tamil at least a day of ten days Rosary devotion in the Month of October and if possible every day according to the nature of the parish.

With vote of thanks and concluding prayer, the meeting came to a close at 3.45 p.m.



**Mar Paul Alappatt**
Bishop of Ramanathapuram

**Fr. Shaji Pandaraparambil**
Secretary

**Fr. Joby Thekkinedath**
Joint Secretary

# FINANCE OFFICE

## വൈദികരുടെയും കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും ഇന്റേണൽ ഓഡിറ്റേഴ്സിന്റെയും സംയുക്ത മീറ്റിംഗിന്റെ റിപ്പോർട്ട് (01.08.2015)

രാമനാഥപുരം രൂപതയിലെ വൈദികരുടെയും കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും ഇന്റേണൽ ഓഡിറ്റേഴ്സിന്റെയും ഒരു സംയുക്ത മീറ്റിംഗ് 01.08.2015 ശനിയാഴ്ച കാലത്ത് 10 മണിക്ക് രാമനാഥപുരം കത്തീഡ്രൽ ഹാളിൽ കൂടി. രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിലേയ്ക്ക് വികാരിജനറാൾ മോൺ. ജോർജ്ജ് നരിക്കുഴി എല്ലാവരേയും സ്വാഗതം ചെയ്തു.

തുടർന്ന്, ഇടവകകളിലെയും മറ്റു കേന്ദ്രങ്ങളിലേയും കണക്ക് എഴുതുന്നതിലും പണം കൈകാര്യം ചെയ്യുന്നതിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചാർട്ടേഡ് എക്കൗണ്ടന്റ് ശ്രീ. സി.എം. ജോൺ മാത്യു എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തി. കണക്ക് എഴുതുന്നതിലും പണം കൈകാര്യം ചെയ്യുന്നതിലും ഒരുപാട് പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഇനിയും പലകാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ട അദ്ദേഹം ഇനിയും തിരുത്തേണ്ട കാര്യങ്ങളുടെ ലിസ്റ്റ് രേഖാമൂലം എല്ലാവർക്കും നൽകി. മീറ്റിംഗിൽ പങ്കെടുത്തവരുടെ സംശയങ്ങൾക്ക് അദ്ദേഹം സമുചിതമായ ഉത്തരം നൽകി.

അതിനുശേഷം അദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് സംസാരിച്ചു. വൈദികരും കൈക്കാരന്മാരും കണക്കെഴുത്തുകാരും ഇന്റേണൽ ഓഡിറ്റേഴ്സും പള്ളി നടത്തിപ്പിലും മറ്റും ചെയ്യുന്ന നിസ്തുലവും ത്യാഗപൂർണ്ണവുമായ സേവനങ്ങളെ പിതാവ് ശ്ലാഘിച്ചു. അതിനുശേഷം പിതാവ് താഴെപറയുന്ന കാര്യങ്ങൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തി:

a. സഭാജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് പള്ളി/മിഷൻ കേന്ദ്രം നടത്തിപ്പ് എന്നത്. അതുകൊണ്ടുതന്നെ ഇത്തരം മീറ്റിംഗിന് വർഷത്തിലൊരിക്കൽ വരുമ്പോൾ വികാരിയച്ചൻ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാവരും ഉണ്ടാകണം. അല്ലെങ്കിൽ പ്രതീക്ഷിക്കുന്ന ഫലം കിട്ടില്ല.

b. പള്ളിയുടെ/മിഷൻ കേന്ദ്രത്തിന്റെ കണക്കിൽ എത്രമാത്രം കൃത്യതയും സുതാര്യതയും കൂടുന്നുവോ അത്രമാത്രം ജനത്തിന്റെ സഹകരണവും സാമ്പത്തിക സംഭാവനയും വർദ്ധിക്കും.

c. സിഎ & ഇന്റേണൽ ഓഡിറ്റിംഗിന് ശേഷം മാത്രമേ കണക്ക് യോഗത്തിൽ വായിച്ച് പാസ്സാക്കാവു.

d. പള്ളിയോഗം കൈക്കാരന്മാരെ തിരഞ്ഞെടുത്താലും അവരെ


നിയമിക്കുന്നത് രൂപതാകാര്യാലയമാണ്. രൂപതാ കാര്യാലയത്തിൽ നിന്നുള്ള നിയമനം ലഭിക്കുന്നതിനുമുമ്പ് പുതിയ കൈക്കാരന്മാർക്ക് ചാർജ്ജ് കൊടുക്കാൻ പാടില്ല. രൂപതാ കാര്യാലയത്തിൽനിന്നുള്ള നിയമനത്തിനുമുമ്പ് കൈക്കാരന്മാർ എന്തെങ്കിലും ചെയ്താൽ അപ്രകാരം ചെയ്യുന്നതെല്ലാം അസാധുവായിരിക്കും.

e. ഇൻകം ടാക്സ് രജിസ്ട്രേഷൻ, PAN തുടങ്ങിയ സിവിൽ രേഖകൾ സ്വന്തമാക്കുക, തെരട്ട് കൃത്യദിവസം തന്നെ കൊണ്ടുവന്നു രൂപതാകാര്യാലയത്തിൽ പാസ്സാക്കുക എന്നിവ ചാർട്ടേഡ് എക്കൗണ്ടിന്റിന്റെ ഉത്തരവാദിത്തമല്ല. അവ വികാരിയച്ചന്മാരുടെയും കൈക്കാരന്മാരുടെയും ഉത്തരവാദിത്വമാണ്. അവയ്ക്ക് ആവശ്യമായ സാങ്കേതിക സഹായം ആവശ്യപ്പെട്ടാൽ ചെയ്യുക എന്നത് മാത്രമാണ് സിഎയുടെ കടമ. ഇക്കാര്യം എല്ലാവരും വ്യക്തമായി അറിഞ്ഞിരിക്കണം.

f. പള്ളി/മിഷൻ കേന്ദ്രത്തിന്റെ തെരട്ടു കൊണ്ടുവരുമ്പോൾ അവിടെയുള്ള സംഘടനകളുടെ/പ്രസ്ഥാനങ്ങളുടെ തെരട്ടുകൂടി അംഗീകാരത്തിനായി രൂപതാകാര്യാലയത്തിലേയ്ക്ക് കൊണ്ടുവരണം. അതിനുമുൻപ് അവയുടെ കണക്കുകൾ പള്ളി തെരട്ടിനോടൊപ്പം സിഎ ഓഡിറ്റ് നടത്തിയിരിക്കണം. സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും പ്രസിഡന്റുമാരും സെക്രട്ടറിമാരും ഓരോ വർഷവും മെയ് 1 ന് മുമ്പ് കഴിഞ്ഞുപോയ വർഷത്തെ വരവ് ചെലവ് കണക്കുകൾ ബ. വികാരിയച്ചന്മാർക്ക് രേഖാമൂലം സമർപ്പിക്കണം.

g. സീറോ മലബാർ സഭയുടെ പള്ളിയോഗ നടപടിക്രമങ്ങളനുസരിച്ച് (നമ്പർ 40:9, 58, 59, 60) വികാരിയച്ചനും കൈക്കാരന്മാർക്കും കൂടി അനുദിനചിലവുകൾക്കുള്ള പണം മാത്രമെ കൈയ്യിൽ സൂക്ഷിക്കാൻ പാടുള്ളൂ. രണ്ട് ലക്ഷം രൂപ വരെ പള്ളി യോഗനിശ്ചയപ്രകാരം ചിലവ് ചെയ്യാം. അതിനുമേലെയുള്ള സംഖ്യ ചിലവുള്ള പദ്ധതികൾക്ക് രൂപതാ കാര്യാലയത്തിൽ നിന്ന് രേഖാമൂലം മുൻകൂട്ടി അനുവാദം വാങ്ങിച്ചിരിക്കണം.

രൂപതാ അസി.പ്രൊക്യുറേറ്റർ എല്ലാവർക്കും നന്ദി പറഞ്ഞു. ഉപസംഹാര പ്രാർത്ഥനയ്ക്കും ത്രികാലജപത്തിനും ഉച്ചഭക്ഷണത്തിനും ശേഷം യോഗം 1.30 ന് അവസാനിച്ചു.



**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

**ഫാ. ജോസ് കന്നുംകുഴി**
ഫിനാൻസ് ഓഫീസർ

**ഫാ. ജോസഫ് ആലപ്പാടൻ**
അസി. ഫിനാൻസ് ഓഫീസർ

**A. SEMINARY BURSE FUND** **September- 2015**

1. Mr. George John , Kizhakkumthala House, Velandipalayam CBE
2. Mr. Tharun Thariath S/o Mr. Thariath Moonjely ,Kallettumkara
3. Mr. A. F. David & Family , CBE
4. Mr. K. M. Thomas Master , Kalapurayil , Edayapalayam
5. M/s. Emmaus Kudumbakoottiama C/o St. Sebastian Church, Ukkadam ,(Two Burses)
6. M/s.Kesariya Kudumba unit , St. Sebastian Church , Ukkadam

**B. SEMINARY GENERAL FUND**

1. Miss. Vitty Davy , Ramanathapuram Rs.5,000 /-

**C. PASTORAL CENTRE**

1. Mr. K. P. Jose & Family , Ramanathapuram Rs.1,000/-

**D. The Churches, Institutions & Associations which have not yet Submitted Annual Therattu of the year 2013-14 for approval:**

1. St. Joseph's Church, Kavundampalayam.

**E. 13th Month Allowence for priests Welfare Fund from the Religious Houses [ 2014 – 2015 ]**

1. Infant Jesus Convent, Perinaickenpalayam Rs.4,900/-

**F. Mother Theresa Peace Home, Tirupur**

| | | |
|---|---|---|
| 1. | SR CHRISTINA | Rs. 250.00 |
| 2. | MRS JAMUNA | Rs. 500.00 |
| 3. | MRS VIJAYA | Rs. 500.00 |
| 4. | MRS LILLY SULOCHANA | Rs. 500.00 |
| 5. | MR. JOHN JOSEPH ,RAMANATHAPURAM | Rs. 500.00 |
| 6. | MRS JULIE LAVANYA | Rs. 1,000.00 |
| 7. | MRS DEEPA | Rs. 1,000.00 |
| 8. | MRS ASAI THAMBI | Rs. 1,000.00 |
| 9. | MR ANIL KUMAR | Rs. 1,000.00 |
| 10. | MRS REEN | Rs. 1,000.00 |
| 11. | WELLWISHER , RAMANATHAPURAM | Rs. 1,000.00 |
| 12. | MR PRAMOD PHILIP | Rs. 1,200.00 |
| 13. | MRS PADMINI | Rs. 1,500.00 |
| 14. | MRS CARMEL PRAMIL | Rs. 2,000.00 |
| 15. | MRS. ANNIE & FAMILY, RAMANATHAPURAM | Rs. 3,000.00 |
| 16. | MR. K. D. ANTONY & FAMILY , RAMANATHAPURAM | Rs. 5,000.00 |

17. MR. A. J. ANTONY,S/O A.B. JOSE, SINGANALLUR ,CBE — Rs.10,000.00
18. MR. M. MARIA JETTUS SAHAYA SELVAN & FAMILY , PALAKKAD — Rs. 10,000.00
19. MOUNT CARMEL CHURCH — Rs. 25,000.00

**G. Annual Therattu [2014- 2015] –already Submited for approval**

1. St. John Paul Mission Centre , Perianaickampalayam
2. Lourde Matha Forane Church , Erode
3. Lourde Matha Play School , Erode
4. St. Antony 's Church , Sastrinagar
5. St. Paul Church , Mahalingapuram , Pollachi
6. St. Elizabath Church , Sulesvarampatty
7. Arokiamatha Church , Pollachi
8. St. Luke's Church , Valparai
9. Mathruvedi
10. St. Mark's Church , Kuniamuthur
11. St Clotilda Church , Podanur
12. Family Apostolate
13. St. Joseph 's church , Mettupalayam
14. St. Joseph 's Nursery & Primery School, Mettupalayam
15. Jeevan jyothi Centre , Chinnathottipalayam
16. Little Flower Church , Saibaba Colony
17. Good Shepherd Church , Karamadai
18. Lourde Forane Church , Gandhipuram
19. Holy FamilyMission Centre, Ganapathy
20. CharismaticMovement
21. Infant Jesus Church , Edayapalayam
22. St Clotilda Play School , Podanur
23. St. Antony 's Church , Viswasapuram
24. Mount Carmel Church , Tirupur
25. St. Antony's Mission Centre , Kangayam
26. St. Antony 's Mission Centre , Chennimalai
27. St. Sebastian Church , Ukkadam
28. St. Antony's Church , Karur
29. Catholic Youth Movement

30. St. Alphonsa Mission Centre , Palladam
31. St. Thomas Church , Sulur Aero
32. Holy Trinity Cathedral , Ramanathapuram
33. Diocesan Catechetical Department
34. St. Sebastian Church , Udumalpett
35. St. Joseph 's Church , R.S. Puram
36. Vadavalli Mission Centre
37. St. Jude Mission Centre , Dharapuram
38. Karunyamatha Chapel , Karunyanagar
39. Santhom Social Service Society
40. St. Mary's Minor Seminary, Vadakkukad
41. Eparchial Vocation Commission

# BISHOP'S ENGAGEMENTS

**September-2015**

| | |
|---|---|
| 01 | : Chennai |
| 03 | : Holy Mass, Porathur |
| 04 | :Old Student's gathering, GHSS, Peringottukara (TCR) |
| | :Holy Mass, Kuravilangad |
| 06 | : Resource team class, Gandhipuram |
| 10 | : Holy Mass & Class, Minor seminary |
| 11 | : Night vigil, Ukkadam |
| 12 | : Pastoral council |
| 13 | : Holy Mass for Migrant youth, Kuniamuthur |
| 14-19 | : Annual retreat of priests, Chinthamanipudur (CBE) |
| 19 | : Marriage blessing, Brahmakulam (Tcr) |
| 20 | : First Holy Communion, Periyanaickampalayam |
| 30 | : Holy Mass & Message, Perumpadappu (IJK) |

# BISHOP'S DIARY

ആഗസ്റ്റ് 2015

1. രാമനാഥപുരത്ത് വൈദികരുടെയും കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും ഇന്റേണൽ ഓഡിറ്റേഴ്സിന്റെയും സംയുക്തമീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
2. പോത്തന്നൂർ നിർമ്മലമാതാ സ്കൂളിൽ നടന്ന യുവജനസമ്മേളനം ഉദ്ഘാടനം ചെയ്തു.
3. രൂപതാ മൈനർ സെമിനാരിയിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുക്കുകയും വൈദികസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.
4 സി. ആത്മ സി.എം.സി. യുടെ 7-ാം ചരമദിനത്തോടനുബന്ധിച്ച് സരവണംപട്ടി വിമൽ ജ്യോതി കോൺവെന്റിൽ സമൂഹബലിക്ക് നേതൃത്വം നൽകി.
5. ഉക്കടം ഇടവകയിലെ എമ്മാവൂസ് യൂണിറ്റിലെ ഏതാനും കുടുംബങ്ങൾ സന്ദർശിക്കുകയും കുടുംബകൂട്ടായ്മാ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.
6. രാമനാഥപുരം അൽവേർണിയ (എഫ് സി സി) സ്കൂളിൽ ദിവ്യബലിയർപ്പിച്ചു. ഉക്കടം കാനാ കുടുംബകൂട്ടായ്മയിലെ ഏതാനും വീടുകൾ സന്ദർശിക്കുകയും കുടുംബകൂട്ടായ്മ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.
7. പള്ളിക്കാമുറി ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഗാന്ധിപുരം പള്ളിയിൽ ഒരു കുടുംബത്തിലെ 4-ാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. ഉക്കടം ഇടവകയിലെ കേസറിയ കുടുംബ കൂട്ടായ്മാ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.
8. ഉക്കടം ഇടവക പള്ളിയിൽ അജപാലനസന്ദർശനം നടത്തി.
9. രാമനാഥപുരം ഇടവകയിലെ "റോസറി ഗാർഡനിൽ" കമ്മ്യൂണിറ്റി ഹാളിന് തറക്കല്ലിട്ടു.
10 രൂപതാ മൈനർ സെമിനാരിയിൽ വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.
11 ഈറോഡ് ഫൊറോനപള്ളിയിൽ ഇടവക ദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

12 പൊള്ളാച്ചി പള്ളിയിൽ മാമ്മോദീസയ്ക്കും വി. കുർബ്ബാനയ്ക്കും കാർമ്മികത്വം വഹിക്കുകയും സമർപ്പിത സംഗമ മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ഗാന്ധിപുരത്ത് റിസോഴ്സ് ടീമിന് ക്ലാസ്സെടുത്തു.

സായി ബാബ കോളനി ഇടവക പള്ളിയിൽ വി. ബലിയർപ്പിച്ചു.

17-29: കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പിതാക്കന്മാരുടെ സിനഡിൽ പങ്കുചേർന്നു.

23 ഒല്ലൂർ എവുപ്രാസ്യമ്മാ തീർത്ഥാടനകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ചു.

## കുടുംബ കൂട്ടായ്മകൾക്കുള്ള പഠനവിഷയം

വിവാഹമെന്ന കൂദാശയുടെ അത്യാവശ്യ ഘടകങ്ങളായി കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത് മൂന്നു കാര്യങ്ങളാണ്, ഏകത്വം, അവിഭാജ്യത, ഫലപുഷ്ടിയോടുള്ള തുറന്ന മനസ്സ്. (മക്കളുടെ ജനനത്തോടുള്ള തുറവി).

**ഏകത്വം:** ബഹുഭാര്യാത്വം വിവാഹത്തിന്റെ ഏകതയ്ക്കു വിരുദ്ധമാണ്. രണ്ട് വ്യക്തികൾ തമ്മിലുള്ള (ഒരു പുരുഷനും, ഒരു സ്ത്രീയും) സമ്പൂർണ്ണമായ സമർപ്പണമാണ് വിവാഹത്തിലൂടെ സംഭവിക്കുന്നത്. അങ്ങനെയെങ്കിൽ മറ്റൊരാളുടെ പ്രവേശനം ഈ സമ്പൂർണ്ണ സമർപ്പണത്തിന് വിഘാതമായി ഭവിക്കുന്നു. സ്ത്രീയും, പുരുഷനും തമ്മിൽ ജീവിതത്തിന്റെയും സ്നേഹത്തിന്റെയും ഗാഢമായ ഐക്യം ഉളവാക്കുന്ന വിവാഹ ഉടമ്പടി സൃഷ്ടാവ് സ്ഥാപിച്ചിട്ടുള്ളതും പ്രത്യേക നിയമങ്ങളാൽ ഉറപ്പിച്ചിട്ടുള്ളതുമാകുന്നു. (ccc1660)

രണ്ട് വ്യക്തികളുടെ പരസ്പരം ദാനമെന്ന നിലയിലുള്ള ഈ ഗാഢഐക്യം മറ്റുള്ളവരുമായി അത്തരമൊരു ഐക്യത്തെ ഒഴിവാക്കുന്നു. പങ്കാളിയുടെ പരിപൂർണ്ണമായ വിശ്വസ്തതയാണ് ഇത് ആവശ്യപ്പെടുന്നത്. മക്കളുടെ നന്മയ്ക്കും ഈ പരവർജ്ജനീയത ആവശ്യമാണ്.

**അവിഭാജ്യത:** ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടു

ത്താതിരിക്കട്ടെ (മത്താ.19:6)

ദൈവമാണ് വിവാഹമെന്ന കൂദാശയിലൂടെ ഒരു പുരുഷനെയും ഒരു സ്ത്രീയേയും ബന്ധിപ്പിക്കുന്നത്. ആരുടെയൊക്കെ സഹായസഹകരണങ്ങൾ വിവാഹ ആലോചനയിൽ ഉണ്ടായാലും ആത്യന്തികമായി ദൈവമാണ് ദമ്പതികളെ യോജിപ്പിക്കുന്നത്. ശരിയായി നടക്കുന്ന ഒരു വിവാഹത്തെ മനുഷ്യർക്ക് വേർപ്പെടുത്താനാവാത്തതും അതുകൊണ്ട് തന്നെയാണ്. ദൈവം യോജിപ്പിക്കുന്ന ബന്ധം അവസാനിക്കുന്നത് ദൈവം വേർപ്പെടുത്തുമ്പോഴാണ്. രണ്ടിൽ ഒരാളെ മരണത്തിലൂടെ ദൈവം തിരികെ വിളിക്കുമ്പോഴാണ് വിവാഹ ബന്ധം അവസാനിക്കുന്നത്.

ക്ഷണിക വികാരത്താലോ വെറും ജഡികവാസനയാലോ സ്വാർത്ഥതയാലോ അല്ല ദമ്പതികൾ ബന്ധിതരായിരിക്കുന്നത്. സ്നേഹത്തിന്റെ അവിഭാജ്യമായ ഒരു ബന്ധത്തിൽ അവർ ദൈവത്താൽ സംയോജിപ്പിക്കപ്പെടുന്നു. അവർ തന്നെ നൽകുന്ന സമ്മതമാണ് അവരുടെ ബന്ധത്തെ ഉറപ്പാർന്നതും തിരിച്ചെടുക്കാനാവത്തതും ആക്കുന്നത്. ജ്ഞാനസ്നാനം സ്വീകരിച്ച രണ്ട് വ്യക്തികൾ തമ്മിലുള്ള ബന്ധം പരിശുദ്ധാത്മാവിനാൽ മുദ്രവയ്ക്കപ്പെടുന്നു. തുടർന്ന് ലൈംഗിക ബന്ധത്താൽ പരിപൂർണ്ണമാക്കപ്പെടുന്ന ആ ബന്ധം ആർക്കും വിഭജിക്കാനാവില്ല. യഥാർത്ഥത്തിൽ ഒരു ഹൃദയവും, ഒരു ആത്മാവുമായി തീരുന്ന വ്യക്തികളെ വേർപ്പെടുത്താൻ ദൈവത്തിനുമാത്രമേ കഴിയൂ. ക്രൈസ്തവ വിശ്വാസമനുസരിച്ച് വിവാഹമോചനമില്ല എന്നു പറയുന്നതിന്റെ കാരണമിതാണ്.

വിവാഹമോചനം തെറ്റാണെന്നു മാത്രമല്ല, സാധുവായ ഒരു വിവാഹബന്ധം തകർക്കുക എന്ന അർത്ഥത്തിൽ അത് അസാധ്യവുമാണെന്ന് സഭ പഠിപ്പിക്കുന്നു. വിവാഹത്തിന്റെ സിവിൽ അവസ്ഥ എന്തായാലും സഭയുടെ നിലപാടിൽ മാറ്റമില്ല.

**ഫലപുഷ്ടിയോടുള്ള തുറന്ന മനസ്സ് :** രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം വളരെ വ്യക്തമാണ്. വിവാഹമെന്ന സ്ഥാപനവും ദാമ്പത്യസ്നേഹവും അവയുടെ സ്വഭാവത്തിൽതന്നെ പ്രജനനത്തിലേയ്ക്കും മക്കളുടെ വിദ്യാഭ്യാസത്തിലേയ്ക്കും ഉൻമുഖമായിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടി കർമ്മത്തിൽ ദൈവത്തോടൊപ്പം സഹകാരികളാകാനുള്ള വിളിയാണ് വിവാഹത്തിലൂടെ ദമ്പതി

കൾ സ്വീകരിക്കുന്നത്. ഭാര്യയും ഭർത്താവും പരസ്പരമുള്ള ശാരീരിക ബന്ധത്തിലൂടെ ഈ വിളിയ്ക്ക് പ്രത്യുത്തരം നൽകുന്നു. ശാരീരിക ബന്ധം ദമ്പതിമാരുടെ സ്നേഹാവിഷ്ക്കാരമാണ്. ഭാര്യാഭർത്തൃസ്നേഹത്തിൽ നിന്ന് ഉയിർക്കൊള്ളുന്ന സംയോഗത്തിൽ നിന്നുവേണം കുഞ്ഞ് രൂപമെടുക്കേണ്ടത്.

ലൈംഗികത പരിശുദ്ധമായ ദൈവദാനമാണ്. ലൈംഗികത അതിന്റെ പൂർണ്ണതയിൽ അനുഭവിക്കാനുള്ള ഉപാധികൾ ദമ്പതിമാർക്ക് സ്വീകരിക്കാവുന്നതാണ്. എന്നാൽ അവ മനുഷ്യന്റെ മഹത്ത്വത്തിനും അന്തസ്സിനും യോജിച്ചവയും സ്രഷ്ടാവിന്റെ പദ്ധതിയ്ക്കുള്ളിൽ നിൽക്കുന്നവയുമായിരിക്കണം. കൃത്രിമ ഗർഭനിരോധനമാർഗ്ഗങ്ങൾ, ഗർഭഛിദ്രം തുടങ്ങിയവ ദാമ്പത്യലക്ഷ്യത്തിനും പ്രകൃതി നിയമങ്ങൾക്കും എതിരാണ്. ഇവ മനുഷ്യനെവസ്തുവിന്റെ തലത്തിലേയ്ക്ക് തരം താഴ്ത്തുന്നവയുമാണ്.

മക്കൾ ദാമ്പത്യസ്നേഹത്തിലേയ്ക്ക് വെറുതെ കൂട്ടിചേർക്കപ്പെടുകയല്ല, ദമ്പതികളുടെ പരസ്പര ആത്മദാനത്തിൽ നിന്ന് അവർ പുറപ്പെടുകയാണ് ചെയ്യുന്നത്. ആത്മദാനത്തിന്റെ ഫലവും സാക്ഷാത്കാരവുമെന്ന നിലയിലാണത്. അപ്പോൾ ബോധപൂർവ്വം ഈ ആത്മദാനത്തിൽ നിന്ന് കുട്ടികളെ ഒഴിവാക്കുന്നത് വിവാഹത്തിന്റെ സ്വഭാവത്തെയും ലക്ഷ്യത്തെയും വികലമാക്കും.

മാതൃത്വവും പിതൃത്വവും ദൈവം ചുമതലപ്പെടുത്തുന്ന ബാധ്യതയും സ്വയം ഏറ്റെടുക്കുന്ന ദൗത്യവുമാണ്. ദൈവമഹത്വത്തിനും മനുഷ്യസേവനത്തിനും ഉതകുംവിധം മക്കളെ വളർത്തേണ്ടത് മാതാപിതാക്കളുടെ കടമയാണ്.

ഫാ. ജോൺസൺ അന്തിക്കാടൻ, ഡയറക്ടർ

## FOR YOUR INFORMATION

Matrimony site of Ramanathapuram diocese:
**www.ramanathapurammatrimony.com**
payment: Rs. 3000 for one year
and Rs. 2000 for six months

# SEMINARY NEWS

**വി. ക്ലേലിയായുടെ തിരുന്നാൾ**

LSMS സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയായ വി. ക്ലേലിയായുടെ തിരുന്നാൾ അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ സാഘോഷം കൊണ്ടാടി. വൈകുന്നേരം വി. ബലിയെ തുടർന്ന് ആശംസകൾ അർപ്പിക്കുന്നതിനുവേണ്ടി എല്ലാവരും ഒത്തുചേരുകയും ചെയ്തു. ഇറ്റലിയിൽ നിന്നും ഫാ. ആൽബെർത്തോ സെമിനാരി സന്ദർശിക്കുകയും ചെയ്തു.

**അകൽച്ചയുടെ വ്യസനത്തോടെ....**

അഭിവന്ദ്യ പോൾ ആലപ്പാട്ടു പിതാവിന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട, മാതാവിന്റെ മൃതദേഹസംസ്കാരത്തിൽ സെമിനാരി കുടുംബം പങ്കുചേർന്നു. പൊറത്തൂർ ഇടവക ദേവാലയത്തിൽ നടന്ന മൃതദേഹസംസ്കാരത്തിൽ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുകയും സെമിനാരി കുടുംബം ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**സ്നേഹം പങ്കുവച്ചുകൊണ്ട് തിരുകുടുംബസന്യാസിനി സമൂഹം**

രൂപതയുടെ ഹൃദയമായ മൈനർ സെമിനാരി കുടുംബത്തെ മാതൃവാത്സല്യത്തോടെ സന്ദർശിക്കുവാനായി പൊള്ളാച്ചിയിലെ തിരുകുടുംബസന്യാസിനി സമൂഹത്തിലെ അംഗങ്ങൾ വരുകയും അവരോടൊപ്പം അത്താഴത്തിൽ പങ്കുചേരുകയും സൗഹൃദം പുതുക്കുകയും ചെയ്തു.

**പുത്തൻ ഉണർവിലേയ്ക്ക്.....**

സ്വന്തം കുറവുകളെയും ബലഹീനതകളെയും മനസ്സിലാക്കി അവ പരിഹരിച്ച് ഒരു പുത്തൻ മനുഷ്യനാകുവാൻ ഫാ. ബിജു എടക്കളത്തൂരിന്റെ മാസധ്യാനത്തിലൂടെ ഞങ്ങൾക്ക് സാധിച്ചു.

**സഹനത്തിന്റെ മാലാഖയുടെ തിരുനാൾ**

ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസയുടെ തിരുന്നാളും മദർ സി. അൽഫോൻസയുടെ നാമഹേതുക തിരുന്നാളും സംയുക്തമായി വി. ബലിയോടും ആസ്വാദപ്രദമായ ഒത്തുചേരലിലൂടെയും സെമിനാരി കുടുംബം ആഘോഷിച്ചു.

**സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി......**

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുന്നാൾ അഭിവന്ദ്യ പിതാവിന്റെയും രൂപതയിലെ വൈദികരുടെയും സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു. രൂപതയിലെ വൈദികർക്കുള്ള മാസധ്യാനം സെമിനാരിയിൽ നടത്തപ്പെട്ടു. തിരുനാളിന് ഒരുക്കമായി ജൂലൈ 26 മുതൽ നൊവേനയും 3 ഗ്രൂപ്പുകളായി തിരിഞ്ഞ് വിവിധ മത്സരങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. തിരുനാളിൽ സെമിനാരി കുടുംബം വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**മക്കളോടൊപ്പം....**

ജൂലൈ 23-ാം തീയതി ബ്രദേഴ്സിന് ക്ലാസ്സുകൾ എടുക്കുവാനും സ്നേഹബന്ധം ഊട്ടിയുറപ്പിക്കുവാനുമായി അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവ് സെമിനാരിയിലേയ്ക്ക് വന്നു.

**യാത്രാമൊഴി.....സ്വാഗതം....**

സെമിനാരിയിൽ 2 മാസത്തോളം ശുശ്രൂഷ ചെയ്ത സി. ക്ലാര വടക്കാഞ്ചേരി മഠത്തിലേയ്ക്ക് മാറിപ്പോവുകയും സി. സിൽവിയ പുതിയതായി ചാർജ്ജെടുക്കുകയും ചെയ്തു. സി. ക്ലാരയ്ക്ക് നന്ദി.....സി. സിൽവിയായ്ക്ക് സ്വാഗതം......

പ്രിഫക്ട്
**ഫാ. ടോമി പുന്നത്താനത്ത്**

റെക്ടർ
**ഫാ.ജോയ് ചിറ്റിലപ്പിള്ളി**

## Mother Theresa Peace Home Tirupur

1. MTPH ന്റെ വാട്ടർ ടാങ്കിന്റെ നിർമ്മാണം പൂർത്തിയായി.
2. MTPH ന്റെ പ്രാരംഭഘട്ടമായി 4-5 അന്തേവാസികളുമായി ചെറിയ കെട്ടിടം 2015 ഒക്ടോബർ മാസത്തോടുകൂടി പ്രവർത്തനം ആരംഭിക്കുന്ന രീതിയിൽ നിർമ്മാണം പുരോഗമിക്കുന്നു.
3. MTPH ന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തിരുപ്പൂർ ഇടവകയിൽ നിന്നും ഫണ്ട് സമാഹരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു പ്രവർത്തനം മുന്നോട്ട് പോകുന്നു.
4. MTPH ന്റെ സുഗമമായ Building plan approval നു വേണ്ടി എല്ലാവരുടേയും പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നു.

**Fr. Jaison Pulikkottil**
Director

# ST. JOSEPH'S MATRIC. HR. SCHOOL JADAYAMPALAYAM

## JOSEPHIAN NEWS

**1.Various Subject Clubs**

Various subject wise clubs are formed and started functioning in the school. Correspondent,Fr.George Narikuzhi and Principal, Sr. Sheeja Fernandez inaugurated them as follows:

Science club on 13-07-2015
Language club on 20-07-2015
Social club on 27-07-2015
Sports club on 04-08-2015
Maths club on 07-08-2015

**2)Tribute to our former President Dr.A.P.J.Abdul Kalam**

In remembrance, honour and homage to the departed beloved (former) President of India, Dr.A.P.J. Abdul Kalam, a Special Assembly was conducted on 29-07-2015. The Correspondent, Principal and student's representatives spoke about the greatness of him and all prayed with sorrow and sincere feelings for the departed Beloved President,Great Scientist and a Big Man.

**3. Class tests and monthly tests for July**

The school has started class tests, monthly revision cum tests from June'2015 onwards. July schedule have been as follows:

a) Class tests :- 13- 07-2015 to 17-07-2015
b) Monthly Revisions :- 22-07-2015 to 25-07-2015.
c) Monthly Tests :- 27-07-2015 to 31-07-2015.
d) Ist and IInd Rank holders of July were honoured with badges in the School assembly.

**Students Seminar**

Fr. Geo Kunnathparambil and Mrs. Suguna from Santhome Social Service Society,Diocese of Ramanathapuram conducted seminar on'' Time Management'. The seminar helped the students to manage their time in daily study , exams and other activities.

**Correspondent**
St.Josephs Matric Hr.Sec.School,
Karamadaipirivu,Jadayampalayam

# SANTHOM SOCIAL SERVICE SOCIETY (SSSS)

1. General Body Meeting

രൂപതയുടെ സാമൂഹ്യ സേവനത്തിന് ചുക്കാൻ പിടിക്കുന്ന SSSS-ന്റെ General Body meeting, July 21ന് ഒത്തുചേർന്നു. കഴിഞ്ഞ കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, ഭാവി പ്രവർത്തനങ്ങളെ അവതരിപ്പിച്ച് വിലയിരുത്തുകയും ചെയ്തു. അംഗങ്ങളുടെ സജീവ സഹകരണം ഉണ്ടായിരുന്നു. ഏവർക്കും നന്ദി. തുടർന്നും നിങ്ങളുടെ സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

2. ആഗസ്റ്റ് 19 ന് World Photography ദിനത്തോടനുബന്ധിച്ച് ഉക്കടം Holy Family Matric Hr. Sec. School ൽ അമ്പതോളം കുട്ടികൾക്ക് ശ്രീ. ജൂലിയൻ ജേക്കബ് സെമിനാർ നൽകി. തുടർന്ന് Photo Gallery തിരഞ്ഞെടുത്ത Best Photos ന്റെ പ്രദർശനവും ഉണ്ടായിരുന്നു.

3. ആഗസ്റ്റ് 20 ന് കോയമ്പത്തൂർ Juvenile Home ൽ “A Discipline Life is the way to Acheivement”എന്ന തലക്കെട്ടിൽ ഫാ. ജിയോ കുന്നത്തുപറമ്പിലും ശ്രീമതി സുഗുണയും ക്ലാസ്സുകൾ നൽകി.

**4. വിദ്യാഭ്യാസ സഹായം**

കോവൈ, പുലിയകുളം ഭാഗത്ത് താമസിക്കുന്ന നിർദ്ധനരായ രണ്ട് കോളേജ് വിദ്യാർത്ഥിനികൾക്ക് (ആനി ഇവാഞ്ചലിൻ, ഭവധാരണി) 2015-16 അദ്ധ്യായനവർഷത്തിന് ആവശ്യമായ പാഠ്യോപകരണങ്ങൾ നൽകി സഹായിച്ചു.

**5. സൗജന്യ ട്യൂഷൻ സെന്റർ**

വെള്ളലൂർ - പോത്തനൂർ ഭാഗത്തെ പാവപ്പെട്ട കുട്ടികൾക്ക് “സൗജന്യ ട്യൂഷൻ” സെന്റർ വി. ക്ലൊത്തിൽഡ ദൈവാലയത്തിന്റെ പാരിഷ് ഹാളിൽ ആരംഭിച്ചു. ഇതിൽ ഒന്ന് മുതൽ എട്ടാം ക്ലാസ്സുവരെ പഠിക്കുന്ന 20 കുട്ടികൾ പങ്കെടുക്കുന്നു. ഇടവകയിലെ സി.വൈ.എം. (പെൺകുട്ടികൾ) ഇതിൽ അദ്ധ്യാപനം നടത്തുന്നു.

**6. Small Business (ചെറു കച്ചവടം)**

പുലിയകുളം അന്തോണിയാർ വീഥിയിൽ താമസിക്കുന്ന ശ്രീമതി ജെയ ചിത്ര, ശ്രീമതി. മേരി ജനിഫർ എന്നിവർക്ക് ചെറുകച്ചവടം ചെയ്യാൻ ധനസഹായം നൽകി.

**7. ആടുകൾ നൽകി സഹായിച്ചു**

പുലിയകുളം ഭാഗത്ത് താമസിക്കുന്ന ശ്രീമതി. മലർവിഴിക്ക് ഒരു ആട്ടിൻകുട്ടിയെ നൽകി.

**8. ജനറൽ ബോഡി മീറ്റിംഗ്**

സൊസൈറ്റിയുടെ ജനറൽ ബോഡി മീറ്റിംഗ് ജൂലൈ 21-ാം തീയതി രാമനാഥപുരം ഓഫീസിൽ നടത്തി.

**ഫാ. ജിയോ കുന്നത്തുപറമ്പിൽ**
ഡയറക്ടർ



## CATECHETICAL NEWS

**പൊള്ളാച്ചി സോണൽ സെമിനാർ**

2015 സെപ്റ്റംബർ 5-ാം തീയതി ഞായറാഴ്ച അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള സെമിനാർ ആരോഗ്യ മാതാ സ്കൂളിൽ വച്ച് 9.00 മണി മുതൽ 4.00 മണി വരെ നടത്തപ്പെടുന്നു. ഈ യൂണിറ്റിലെ എല്ലാ മതാദ്ധ്യാപകരും കുട്ടികളും നിർബ്ബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**റിസോഴ്സ് ടീം സെമിനാർ**

കഴിഞ്ഞ റിസോഴ്സ് ടീം സെമിനാർ ഓഗസ്റ്റ് 16-ാം തീയതി 3.00 മണി മുതൽ 5.00 മണി വരെ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ഗാന്ധിപുരത്ത് വച്ച് നടത്തപ്പെട്ടു. അടുത്ത റിസോഴ്സ് ടീം സെമിനാർ സെപ്റ്റംബർ 6-ാം തീയതി 3.00 മണിമുതൽ 5.00 മണി വരെ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ഗാന്ധിപുരത്ത് വച്ച് ഉണ്ടായിരിക്കും. എല്ലാ റിസോഴ്സ് ടീം അംഗങ്ങളും ഇതിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മതാദ്ധ്യാപക ഏകദിനധ്യാനം**

സെപ്റ്റംബർ 17-ാം തീയതി രാവിലെ 9.30 മുതൽ വൈകിട്ട് 4.00 മണി വരെ രാമനാഥപുരം പാരീഷ് ഹാളിൽ വച്ച് ഈ രൂപതയിലെ എല്ലാ മതാദ്ധ്യാപകർക്കുമായി റവ: ഫാ. ബിനീഷ് CSTയുടെ നേതൃത്വത്തിൽ ഏകദിനധ്യാനം ഒരുക്കിയിരിക്കുന്നു. എല്ലാ മതാദ്ധ്യാപകരും ഇതിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സെപ്റ്റംബർ 6-ാം തീയതി നടത്താനിരുന്ന H.M.മാരുടെ മീറ്റിംഗ് അന്ന് ഉണ്ടായിരിക്കുന്നതല്ല.

**ലോഗോസ് ക്വിസ്**

ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 27

-ാം തീയതി ഞായറാഴ്ച 2.00 മണി മുതൽ 3.30 വരെയാണ്. പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത എല്ലാവരും നന്നായി പഠിച്ചൊരുങ്ങി ഇതിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**Teachers Service Award & Best Teachers Award**

15, 20, 25, 30, 35, 40, 45, 50 എന്നീ വർഷങ്ങൾ പൂർത്തിയാക്കിയ ടീച്ചേഴ്സിന്റെ അവാർഡിനുള്ള ഫോമും Best Teacher അവാർഡിനുള്ളവരുടെ ബയോഡേറ്റ, സെൽഫ് അസ്മെന്റ് എന്നിവയും വികാരിയച്ചന്റേയും H.Mന്റെയും സാക്ഷിപത്രത്തോടൊപ്പം സെപ്റ്റംബർ 15നകം അയച്ചുതരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**നന്ദി**

ഓഗസ്റ്റ് 16-ാം തീയതി പെരിയനായ്ക്കം പാളയത്തുവച്ച് നടത്തപ്പെട്ട സോണൽ സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദി. അതിനുവേണ്ടി സഹകരിച്ച വികാരിയച്ചനും സിസ്റ്റേഴ്സിനും ഇടവകാംഗങ്ങൾക്കും നന്ദി പറയുന്നു.

**Fr. Joby Thekkinedath**
Director

**Fr. Jinoj Palathadathil**
Asst. Director

**Sr. Anitha Mathew F.C.C.**
**Sr. Alphonsa SABS**
(Secretaries)



## SYRO-MALABAR MATHRUVEDI

**1. യൂണിറ്റുകളിൽ മാതൃദിനആഘോഷം**

മാതാവിന്റെ ജനനതിരുനാളും മാതൃദിനവും ഓണവും ആത്മീയമായ രീതിയിൽ ആഘോഷിക്കാനായി മാതൃവേദി ഭാരവാഹികൾ യൂണിറ്റ് ഡയറക്ടർ അച്ചൻമാരോടും ആനിമേറ്റർമാരോടും ആലോചിച്ച് തീരുമാനിക്കുക.

**ആത്മീയ ആഘോഷങ്ങൾ**

1. കുമ്പസാരം
2. വി. കുർബാന
3. കാഴ്ചസമർപ്പണം
4. 8 നോമ്പ്
5. നേർച്ച വിതരണം

**2. സമർപ്പിത വർഷ ഉപവാസ പ്രാർത്ഥന**

ആഗസ്റ്റ് മാസം നടത്തിയ യൂണിറ്റുകൾ

1. Edayarpalayam 2. Valpara 3. Podanur

സമർപ്പിത വർഷ ഉപവാസ പ്രാർത്ഥനആഗസ്റ്റ് മാസത്തിൽ എടയാർപാളയം, വാൽപ്പാറ എന്നീ യൂണിറ്റുകളിൽ മാതൃവേദി രൂപത യുടെ നേതൃത്വത്തിലും പോത്തന്നൂർ യൂണിറ്റിൽ യൂണിറ്റിന്റെ നേതൃ ത്വത്തിലും നടത്തപ്പെടും. എല്ലാ സ്ഥലത്തും എല്ലാം ക്രമീകരിച്ച വികാ രിയച്ചൻമാർക്കും യൂണിറ്റ് ആനിമേറ്റർമാർക്കും ഭാരവാഹികൾക്കും നന്ദി രേഖപ്പെടുത്തുന്നു.

**3. മാതാവിന് ഒരു ലക്ഷം ജപമാല**

ഒക്ടോബർ മാസത്തിൽ മാതാവിനു ഒരു ലക്ഷം ജപമാല രൂപ തയിലെ അമ്മമാർ ചേർന്ന് ചൊല്ലുന്നു. ഓരോ യൂണിറ്റും ഓരോ വ്യക്തികളും ചൊല്ലേണ്ട ജപമാല അടുത്ത ബുള്ളറ്റിനിലൂടെ അറിയിക്കുന്നതാണ്.

**4. Tailoring Institute**

പൊള്ളാച്ചി മാതൃവേദിയുടെ നേതൃത്വത്തിൽ St. Paul Tailoring Institute ആരംഭിച്ചു. ഇതിൽ ഏകദേശം 15 വ്യക്തികൾ തയ്യൽ പരിശീ ലനം വളരെ കുറഞ്ഞ ചെലവിൽ നടത്തികൊണ്ടിരിക്കുന്നു. ഇതിന് നേതൃത്വം കൊടുക്കുന്ന മാതൃവേദി അംഗങ്ങൾക്ക് മാതൃവേദിയുടെ അഭിനന്ദനങ്ങൾ.

**ഫാ. വിബിൻ കൊള്ളന്നൂർ SDV**
അസി. ഡയറക്ടർ

**ഫാ. തോമസ് കാവുങ്ങൽ**
ഡയറക്ടർ

# ALTAR BOYS ASSOCIATION

പ്രിയപ്പെട്ടവരെ നിങ്ങളെല്ലാവരും പരീക്ഷകൾക്കുവേണ്ടി യുള്ള ഒരുക്കത്തിലായിരിക്കുമല്ലേ... നിങ്ങളുടെ പഠനവും, പരിശ്രമ ങ്ങളും, അദ്ധ്വാനങ്ങളും ഫലമണിയുവാൻ നല്ല ദൈവം സഹായിക്ക ട്ടെ. പ്രത്യേകമായി പരി. അമ്മയുടെ ജനനത്തിരുനാൾ നമ്മൾ ആഘോ ഷിക്കുമ്പോൾ അമ്മ നമ്മോട് കാണിക്കുന്ന സ്നേഹവാത്സല്യങ്ങളെ ഓർത്ത് നന്ദി പറയാം; ഉണ്ണി ഈശോയെ സ്നേഹസുകൃതങ്ങൾ ചൊല്ലിപഠിപ്പിച്ചു, കൈപിടിച്ചു നടത്തിയ പരി. അമ്മയോട് നമുക്കും പറയാം, പ്രാർത്ഥിക്കാം ഉണ്ണിയേശുവിനെസ്നേഹസുകൃതങ്ങൾ ചൊല്ലി പഠിപ്പിച്ചതുപോലെ ഞങ്ങളെയും ചൊല്ലി പഠിപ്പിക്കണമെയെ ന്ന്.. ഉണ്ണിയേശുവിനെകൈപിടിച്ചുനടത്തിയപോലെ ഞങ്ങളെയും കൈപിടിച്ച് നടത്തണമെയെന്ന്... ഒരിക്കലും വഴി തെറ്റാതെ നേർവഴി കാട്ടി നടത്തണമെയെന്ന്...

Saint: St. John Berchumans
Ejaculation: “Lord make me your servant”
Word of God: “Rejoice in the Lord always” (Phili-4:4)

**Fr. Tomy Punnathanathu**
(Director)

# SMRC NEWS

ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് Zoology യിൽ Doctorate നേടിയ Lisieux Hr. Sec. School Principal Fr. Philips Ponthekan CMI യ്ക്കും Historyയിൽ Doctorate നേടിയ Pothanur Nirmalamatha Hr. Sec. School Principal Sr. Ranjitha SABSനും SMRCയുടെ അഭിനന്ദനങ്ങൾ.

മാർ പോൾ ആലപ്പാട്ട് പിതാവിന്റെ വത്സലമാതാവിന്റെ മരണ വാർത്ത അറിഞ്ഞ് വീട്ടിൽ പോകുകയും SMRC യുടെ പേരിൽ റീത്തു സമർപ്പിക്കുകയും മൃതസംസ്ക്കാരത്തിൽ പങ്കുകൊള്ളുകയും പ്രാർത്ഥിക്കുകയും ചെയ്തു. വത്സലമാതാവിന് SMRC യുടെ പ്രാർത്ഥനാഞ്ജലികളും ആലപ്പാട്ട് പിതാവിന് അനുശോചനവും നേരുന്നു.

മുൻ ആവിലാ കോൺവെന്റ് സുപ്പീരിയറും രാമനാഥപുരം മാതൃസംഘം രൂപതാ ആനിമേറ്ററും SMRC എക്സിക്യൂട്ടീവ് അംഗവും പാസ്റ്റർ കൗൺസിൽ അംഗവും CMC Congregation ന്റെ മേഖല incharge personഉം ആയി സ്തുത്യർഹമായ സേവനം കാഴ്ചവച്ച രൂപതയെ സ്നേഹിച്ചുവളർത്തിയ, എല്ലാറ്റിലും ഉപരിയായി പ്രാർത്ഥിച്ച, രോഗത്തിന്റേതായ എല്ലാ വേദനകളും അസ്വസ്ഥതകളും ആത്മരക്ഷയ്ക്കായി സമർപ്പിച്ച് വേർപിരിഞ്ഞുപോയ സി.ആത്മ CMC യ്ക്ക് SMRC യുടെ ആദരാഞ്ജലികളും പ്രാർത്ഥനയും നേരുന്നു. ഈശോയുടെ മുമ്പിൽ ഞങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിക്കണമേയെന്ന് പ്രാർത്ഥിക്കുന്നു.

പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ചുള്ള ആഘോഷമായ ദിവ്യബലി ആഗസ്റ്റ് 14-ാം തീയതി 11.00 മാന് ആവില കോൺവെന്റ് ചാപ്പലിൽ Fr. Lintesh CMI യുടെ കാർമ്മികത്വത്തിൽ നടന്നു. കത്തോലിക്കാദ്ധ്യാപകരും കുട്ടികളും മറ്റു ജോലിക്കാരും അതിൽ സംബന്ധിച്ചു. അച്ചൻ നല്ല സന്ദേശം നൽകി എല്ലാവരെയും പ്രബുദ്ധരാക്കി.

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനവും പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും Avila School Principal Sr. Shalini യുടെ നാമഹേതുക തിരുന്നാളും ഒന്നിച്ചാഘോഷിച്ചു. കൊടി ഉയർത്തൽ പരിപാടിയ്ക്കു ശേഷം ഓഡിറ്റോറിയത്തിൽ എല്ലാവരും ഒന്നിച്ചുകൂടി. കുട്ടികളുടെ കലാപരിപാടികൾക്കുശേഷം കുട്ടികൾക്ക് sweets ഉം സ്റ്റാഫിന് ഓണസദ്യയും കൊച്ചുസമ്മാനവും നൽകി. എല്ലാവരെയും സന്തോഷിപ്പിച്ചു. എല്ലാവർക്കും സ്വർഗ്ഗാരോപണ തിരുന്നാളിന്റെയും സ്വാതന്ത്ര്യത്തിന്റെയും സന്തോഷം.

**സി. സൂന**

SMRCസെക്രട്ടറി

# നവീകരണ മുന്നേറ്റം

**ഏകദിനധ്യാനം**

രൂപതാ നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിലുള്ള ഏകദിനധ്യാനം സെപ്റ്റംബർ 5-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയുള്ള സമയത്ത് ഗാന്ധിപുരം ലൂർദ് ഫൊറോനപള്ളിയിൽ വച്ച് നടക്കുന്നതാണ്. അന്നേദിവസം വചനശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കുന്നത് കട്ടപ്പനയിൽനിന്നുള്ള സ്റ്റാൻലി പണലേക്കുടി കപ്പൂച്ചിൻ അച്ചനായിരിക്കും. മാതാവിന്റെ ജനനതിരുനാളിന് നമുക്ക് ആത്മീയമായി ഒരുങ്ങാം.

**ജാഗരണ പ്രാർത്ഥന**

സെപ്റ്റംബർ മാസത്തിലെ ജാഗരണ പ്രാർത്ഥന11-ാം തീയതി വെള്ളിയാഴ്ച രാത്രി 9.00 മണിക്ക് ആരംഭിച്ച് ശനിയാഴ്ച പുലർച്ചെ 2.00 മണിക്ക് സമാപിക്കുന്നതാണ്. വചനപ്രഘോഷണത്തിനും ആരാധനയ്ക്കും നേതൃത്വം വഹിക്കുന്നത് ബ്രദർ കുഞ്ഞുമോൻ പുന്നപ്ര ആയിരിക്കും. നമ്മുടെ അഭിവന്ദ്യ പിതാവ് ഓരോ ജാഗരണ പ്രാർത്ഥനയിലും പങ്കുചേർന്ന് നമുക്ക് വേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുന്നതാണ്. ത്യാഗപൂർവ്വം ശുശ്രൂഷയിൽ പങ്കുചേരാൻ കടന്നുവരുന്ന എല്ലാവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജോസഫ് പുത്തൂർ**
(ഡയറക്ടർ)

# CML NEWS

C.M.L. ന്റെ ഫൊറോനതലത്തിലുള്ള സമ്മേളനം ആഗസ്റ്റ് 2-ാം തീയതി ഗാന്ധിപുരത്ത് വച്ച് നടന്നു. പങ്കെടുത്ത എല്ലാ യൂണിറ്റംഗങ്ങൾക്കും നന്ദി പറയുന്നു.

സംഘഗാനമത്സരത്തിൽ സമ്മാനം ലഭിച്ച ഇടവകകൾ :

Ist Prize - St. Joseph Church, Kavundampalayam
IInd Prize - Little Flower Church, Saibaba Colony
IIIrd Prize - Infant Jesus Church, Edayapalayam

C.M.L. ന്റെ skit മത്സരങ്ങൾ സെപ്റ്റംബർ 22-ാം തീയതി Holy Trinity Cathedral ൽ വെച്ച് നടത്തപ്പെടുന്നു. പേര് നൽകേണ്ട അവസാനതീയതി സെപ്റ്റംബർ 20 ന് ആണ്.

നിയമങ്ങൾ

1. ഒരു യൂണിറ്റിൽ കുറഞ്ഞത് 5 ഉം കൂടുതൽ 15 ഉം അംഗങ്ങൾ പങ്കെടുക്കാം.

2. ബൈബിൾ കഥാപാത്രങ്ങളോ വിശുദ്ധരുടെ ജീവിതമോ ആധാരമായി വേണം നിർമ്മിക്കേണ്ടത്.

3. Theme സമർപ്പിത ജീവിതം

4. കഥാപാത്രങ്ങളുടെ സംഭാഷണം മുൻകൂട്ടി റെക്കോർഡ് ചെയ്ത് അഭിനയിക്കുന്നത് അനുവദനീയമാണ്.

5. സ്കിറ്റിന്റെ സമയപരിധി 15 മിനിറ്റാണ്. Stage arrangement ഉം stage clearing ഉം ഈ സമയപരിധിയ്ക്കുള്ളിൽ ഉൾപ്പെടും.

6. CML ലീഡേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും മീറ്റിംഗ് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ച് സെപ്റ്റംബർ 17 ന് രാവിലെ 10.30 ന് നടക്കുന്നു.

7. സ്കിടിന് കുറഞ്ഞത് 5 അംഗങ്ങളും പരമാവധി 16 അംഗങ്ങളും ആകാം.

**C.M.L. സമർപ്പിത വർഷ റാലി ഒക്ടോബർ 21**

ഒക്ടോബർ 21 ന് Holy Trinity cathedral-ൽ നടക്കുന്ന C.M.L. National meet-ന്റെ ഭാഗമായി അന്ന് യൂണിറ്റിനുംതലത്തിൽ സമർപ്പണ വർഷ റാലി സംഘടിപ്പിക്കുന്നുണ്ട്.

**മത്സരനിയമങ്ങൾ**

* ഓരോ യൂണിറ്റുകളും റാലിക്ക് ആകർഷണീയമായ വിധത്തിൽ യൂണിഫോം ധരിക്കാവുന്നതാണ്.

* സമർപ്പിത വർഷത്തോട് അനുയോജ്യമായ പ്ലക്കാർഡുകൾ, മുദ്രാവാക്യം എന്നിവ മത്സരത്തിന് അടിസ്ഥാനമാക്കുന്നതാണ്.

* C.M.L. യൂണിറ്റംഗങ്ങളുടെ മൊത്തം അനുപാതവും മത്സരിക്കുന്ന അംഗങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുന്നതായിരിക്കും.

* പേര് നൽകേണ്ട അവസാനതീയതി ഒക്ടോബർ 11 ആയിരിക്കും.

**Fr. Bijo Palayil**
Director

**Fr. Alexander Chundattu O.Carm**
Asst. Director

**പിതൃവേദിയുടെ സാമൂഹ്യ സുരക്ഷാ ബോധവൽക്കരണം**

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഇൻഷുറൻസ് / പെൻഷൻ പദ്ധതികളിലൂടെയും ബാങ്കുകൾ/ഇൻഷുറൻസ് കമ്പനികൾ എന്നിവ നൽകുന്ന മെഡിക്ലെയിം പോളിസികളിലൂടെയും ഓരോ വ്യക്തിയും സ്വയം പരിരക്ഷ ഉറപ്പാക്കുക വഴി തങ്ങളെ ആശ്രയിച്ചു കഴിയുന്ന കുടുംബാംഗങ്ങളുടെ ജീവിതവും ഭദ്രമാക്കപ്പെടുകയാണെന്നോർക്കുക! അപ്രതീക്ഷിതമായി നേരിടാവുന്ന ആപൽഘട്ടങ്ങളെ സ്വന്തം കാലിൽ നിന്നു കൊണ്ട് നേരിടാൻ സ്വയം തയ്യാറാകേണ്ട സമയമായി! ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുക!

**പ്രധാനമന്ത്രി ജീവൻ ബീമ യോജന**

രൂ. 330 പ്രതിവർഷ പ്രീമിയത്തിൽ രൂ. 20 ലക്ഷത്തിന്റെ ലൈഫ് ഇൻഷൂറൻസ്, 18 വയസ്സിനും 50 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള എല്ലാ ബാങ്ക് അക്കൗണ്ട് ഉടമകൾക്കും നിങ്ങളുടെ കാലശേഷം നിങ്ങളുടെ കുടുംബത്തിന് ഇൻഷൂറൻസ് തുക ലഭിക്കുന്നു. ആഗസ്റ്റ് 1 വരെ മെഡിക്കൽ സർട്ടിഫിക്കറ്റ് ആവശ്യമില്ല.

**പ്രധാൻ മന്ത്രി സുരക്ഷ ബീമായോജന**

രൂ. 12 പ്രതിവർഷ പ്രീമിയത്തിൽ രൂ. 2 ലക്ഷത്തിന്റെ അപകട ഇൻഷൂറൻസ് 18 വയസ്സിനും, 70 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള എല്ലാ ബാങ്ക് അക്കൗണ്ട് ഉടമകൾക്കും, അപകടം മൂലമുള്ള മരണത്തിനും സ്ഥിരമായ അംഗവൈകല്യത്തിനും ഇൻഷൂറൻസ് പരിരക്ഷ ലഭിക്കുന്നു.

**കേന്ദ്ര സർക്കാരിന്റെ അടൽ പെൻഷൻ യോജന.**

18 വയസ്സ് മുതൽ 40 വയസ്സ് വരെ പ്രായമുള്ള എല്ലാ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്കും. 60 വയസ്സിനു ശേഷം പ്രതിമാസ പെൻഷൻ പ്രതിമാസ വരിസംഖ്യക്കും, പദ്ധതിയിൽ അംഗങ്ങൾ ആയപ്പോൾ ഉള്ള പ്രായത്തിനും അനുസൃതമായി.

ഉദാ: 18 വയസ്സിൽ പ്രതിമാസം രൂ. 42 വച്ച് 60 വയസ്സു മുതൽ പ്രതിമാസം രൂ. 1,000

18 വയസ്സിൽ പ്രതിമാസം രൂ. 210 വച്ച് – 60 വയസ്സു മുതൽ പ്രതിമാസം രൂ. 5,000

Without Medical Check-Up Till 31st August 2015 Only

പദ്ധതികളിൽ ചേരുവാൻ നിങ്ങളുടെ ബാങ്കു മാനേജരെ സമീപിക്കുക.

വിവിധ ബാങ്കുകളുടേയും, ഇൻഷൂറൻസ് കമ്പനികളുടേയും മെഡിക്ലെയിം പോളിസികൾ വ്യക്തി, അണുകുടുംബം, മാതാപിതാക്കളോടുകൂടിയ കുടുംബം എന്നിവയ്ക്കായിട്ടുള്ള ചികിത്സാപരിരക്ഷ പോളിസികൾ, വാർഷിക പ്രീമിയത്തിൽ. പോളിസിയാൽ പരിരക്ഷിയ്ക്കപ്പെടുന്നവർക്ക് പണമടയ്ക്കാതെ ആശുപത്രികളിൽ ചികിത്സയ്ക്കുള്ള സൗകര്യം. ഇൻഷൂറൻസ് തുക പരിധിയിൽ എത്ര തവണ വേണമെങ്കിലും ചികിത്സ. വാർഷിക പ്രീമിയം രൂ. 2,250 - 3,000 (ഏകദേശ തുക) ഇൻഷൂറൻസ് തുക രൂ. 1 ലക്ഷത്തിന്.

വ്യക്തികളുടെ സുരക്ഷ വഴി സമൂഹത്തിൽ സുരക്ഷ

For Details Contact the Local Bank Managers


## FAMILY APOSTOLATE

**പ്രീ കാനകോഴ്സ**

അടുത്ത പ്രീ കാനകോഴ്സ് ഒക്ടോബർ 21, 22, 23 ദിവസങ്ങളിലായിരിക്കും. വിവാഹാർത്ഥികൾ നേരത്തേ പ്രീകാനകോഴ്സിൽ പങ്കെടുക്കുന്നതാണ് വിവാഹം ഉറപ്പിച്ചതിനു ശേഷം സംബന്ധിക്കുന്നതിനേക്കാൾ നല്ലത്.

ഗൗരവതരമായ കാരണങ്ങളില്ലാതെ മറ്റ് രൂപതകളിലെ ക്ലാസ്സുകളിൽ സംബന്ധിക്കാൻ നമ്മുടെ രൂപതാംഗങ്ങളെ അനുവദിക്കുന്നില്ലെന്ന കാര്യം യുവതീയുവാക്കളും മാതാപിതാക്കളും ശ്രദ്ധിക്കുമല്ലോ. അതുകൊണ്ടാണ് 22 വയസ്സിനുള്ളിൽ പെൺകുട്ടികളും 26 വയസ്സിനുള്ളിൽ ആൺകുട്ടികളും പ്രീകാനകോഴ്സിൽ സംബന്ധിക്കണമെന്ന് നിർദ്ദേശിക്കുന്നത്. വിവാഹം ഉറപ്പിക്കുന്നതുവരെ കാത്തിരിക്കേണ്ടതില്ല.

ഫാ. ജോൺസൺ അന്തിക്കാടൻ, ഡയറക്ടർ



# SNIPPETS

| | |
|---|---|
| Starting of the Coimbatore Mission | 29th April 1955 |
| Formation of Coimbatore Forane | Nov. 1973 |
| Erection of the Eparchy of Palghat | 20th June 1974 |
| Inauguration of the Eparchy of Palghat | 8th Sept 1974 |
| Inauguration of Coimbatore Region and Formation of 3 Foranes | 1st May 2008 |
| Erection of the Eparchy of Ramanathapuram | 18th Jan 2010 |
| Inauguration of the Eparchy of Ramanathapuram & Episcopal Ordination of Msgr. Paul Alappatt | 11th April 2010 |
| Inauguration of the 1st Pastoral Council | 29th April 2010 |
| 1st Eparchial Day & Releasing of the Eparchial Logo & Anthem (Chief Guest : Mar Andrews Thazhath, Metropolitan Archbishop of Trichur) | 04th July 2010 |
| Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th Oct 2010 |
| Blessing of the Arokiamatha Chapel, Pollachi | 18th Oct 2010 |
| Blessing & Inauguration of “Santhom Creations”, Tirupur | 25th Oct 2010 |
| Blessing Foundation Stone for the Eparchial Minor Seminary (H. E. Mar Jacob Manathodath) | 06th Jan 2011 |
| Inauguration of the 2nd Pastoral Council | 11th June 2011 |
| Inauguration of 'St Mary's Minor Seminary', at Temporary building at Edayapalayam | 12th June 2011 |
| Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |
| Inauguration of the Mission Year | 10th Sept. 2011 |
| Inauguration of the Diocesan Website | 10th Sept. 2011 |
| Consecration of the Karunya Matha Church, Karunya Nagar (Perur) | 08th Dec. 2011 |
| Erection the Parish, Udumalpet | 07th Jan. 2012 |
| Starting of the Dharapuram Mission | 04th March 2012 |

# SNIPPETS

| | |
|---|---|
| Blessing of the Presbytery, Karamadai | 06th May 2012 |
| The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| Erection of the Parish, Sulur Aero | 15th July 2012 |
| Inauguration of the Eparchial Santhom Social Service Society | 18th Aug. 2012 |
| Laying Foundation Stone for the Minor Seminary at Kozhinjampara | 18th Jan 2013 |
| Consecration of the Good Shepherd Church, Karamadai | 20th Jan 2013 |
| Starting of Vadavally Mission | 10th Feb 2013 |
| Starting of Ettimada Mission | 17th Feb, 2013 |
| Starting of St. Alphonsa Mission, Edayapalayam, (Mettupalayam) | 3rd March 2013 |
| Starting of Athipalayam Pirivu Mission (Ganapathy, Gandhipuram) | 11th Aug 2013 |
| Starting of Sowripalayam Mission | 20th Oct 2013 |
| Consecration of the St. Judes Church, Dharapuram | 21st Dec 2013 |
| Shifting of the Minor Seminary to the new building in Vadakkukadu (Kozhinjampara) | 06th Jan 2014 |
| Consecration of St. Alphonsa Church, Palladam | 1st Feb 2014 |
| Starting of Holy Mass at Peelamedu (Sitra) | 2nd Feb 2014 |
| Blessing of Presbytery, Dharapuram | 23rd Feb 2014 |
| Perpetual Adoration Centre at Lourde Forane Church, Gandhipuram | 8th Dec 2014 |
| Laying foundation stone for Mother Theresa Peace Home,Tirupur | 11th Apr 2015 |
| Laying foundation stone for the new church at Kuniamuthur | 25th Apr 2015 |
| “Samarpithavarsham” at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30 - 2016 Feb. 02) | 14th Jun 2015 |
| Laying Foundation Stone for the Community hall at “Rosary Garden” (RNM) | 11th Aug 2015 |

*With best compliments from*

**AROKIAMATHA MATRICULATION SCHOOL**

Mahalingapuram, Pollachi - 02.

**TRINITY MATRICULATION HIGHER SECONDARY SCHOOL**

(Recognised by Government of Tamilnadu)

1872, Trichy Road, Ramanathapuram, Coimbatore - 641 045.

**SAINT CLOTHILDA PLAY SCHOOL**

Vellalore Road, Podanur.

**SAINT JOSEPH NURSERY SCHOOL**

Kattoor, Mettupalayam.

# DIOCESE OF RAMANATHAPURAM




## Parishes, mission Centers Institutions & Religious Houses

**1. HOLY TRINITY CATHEDRAL, RAMANATHAPURAM**
- a) ST. JOSEPH'S MISSION CENTRE - PEELAMEDU, SITRA
- b) MIGRANT YOUTH MINISTRY - SOWRIPALAYAM
- c) Trinity Matriculation Hr. Sec. School ( Parish)
- d) St. George FCC Convent (FCC)
- e) Alvernia Matric. Hr. Sec. School (FCC)
- f) St. Thomas Aged Home (FCC)
- g) Divine Retreat Centre (V.C)
- h) Divyodaya (CMI)

**2. ST. SEBASTIAN CHURCH, UKKADAM**
- a) Holy Family Convent (CHF)
- b) Holy Family Mat. Hr. Sec. School (CHF)

**3. ST. MARK'S CHURCH, KUNIAMUTHUR**
- a) PUNNESERY NEST - ETTIMADAI
- b) Nirmala Matha Convent (SABS)
- c) Nirmala Matha Mat. Hr. Sec. School(SABS)
- d) Nirmala Matha Convent School ICSE(SABS)
- e) Nirmala Matha Orphanage (SABS)
- f) Assisi Snehalaya Monastery (OFM Conv.)
- g) Assisi Snehalaya R.R.C (OFM Conv.)

**4. ST. CLOTTILDA'S CHURCH, PODANUR**
- a) Karunyamatha Convent (SABS)
- b) Nirmala Matha Mat. Hr. Sec. School (SABS)
- c) St. Joseph's Convent (CSS)
- d) St. Joseph's Home for the aged (CSS)
- e) St. Clotilda Pre-KG School

**5. ST. THOMAS CHURCH, SULUR AERO**
- a) Holy Family Convent (CHF)
- b) H. F. Nursery & Primary Eng.Med. School (CHF)

**6. INFANT JESUS CHURCH, PALLADAM**
- a) Infant Jesus Convent (FCC)
- b) Infant Jesus Mat. Hr. Sec. School (FCC)

**7. ST. PAUL'S CHURCH, POLLACHI**
- a) Holy Family Convent (CHF)
- b) Arokyamatha Mat. School,Mahalingapuram (CHF)
- c) Arokyamatha Convent (CHF)
- d) Arokyamatha Mat. Hr. Sec. School (CHF)
- e) Matha Nilayam (CHF)
- f) Preshitha House (CMI)
- g) Preshitha Service Society (CMI)
- h) Press & Media Centre (CMI)
- i) Viswadeepthi Mat. Hr. Sec. School (CMI)
- j) Preshitha Agro Service Centre (CMI)
- k) Preshitha Rural Hospital (CMI)
- l) Lisieux Bhavan (CSS)
- m) Anbakam (CMI)
- n) Little Flower Minor Seminary (CMI)

**8. AROKYAMATHA CHAPEL, POLLACHI**

**9. ST. ELIZABETH CHURCH, SULESWARAMPATTY**

**10. ST. LUKE'S CHURCH, VALPARAI**
- a) Karunya Convent (FCC)
- b) Karunya Tailoring Centre (FCC)

**11. ST. SEBASTIAN'S CHURCH, UDUMALPETTU**
- a) Lourde Matha Convent (CMC)
- b) Lourde Matha Convent Mat. Hr. Sec. School (CMC)

**12. KARUNYAMATHA CHUCH, KARUNYA NAGAR**

**13. ST. JUDE'S CHURCH DHARAPURAM**

**14. LOURDS FORANE CHURCH, GANDHIPURAM**
- a) HOLY FAMILY MISSION CENTRE - GANAPATHY
- b) Mary Rani Convent (FCC)
- c) Mary Rani Nursery & Primary School (FCC)

**15. ST. ANTONY'S CHURCH, VISWASAPURAM**
- a) Vimal Jyothi Convent (CMC)
- b) Vimal Jyoth Mat. Hr. Sec. School (CMC)
- c) Carmel Convent (CMC)
- d) Vimal Jyothi Hospital (CMC)
- e) Lisieux House (CMI)
- f) Lisieux College of Education (CMI)

**16. ST. JOSEPH'S CHURCH, R.S. PURAM**
- a) Amathi Illam (SABS)
- b) Amathi Illam Hostel (SABS)

**17. LITTLE FLOWER CHURCH, SAIBABA COLONY**
- a) Little Flower Monastery (CMI)
- b) Lisieux Mat. Hr. Sec. School (CMI)
- c) Avila Convent (CMC)
- d) Avila Convent Mat. Hr. Sec. School (CMC)
- e) Assisi Sisters of Mary Immaculate (ASMI)

**18. INFANT JESUS CHURCH, EDAYAPALAYAM**
- a) Nazareth Convent (CSN)

**19. ST. JOSEPH'S CHURCH, KAVUNDAMPALAYAM**
- a) Kristu Dasi Convent (SKD)
- b) Christ Message Centre (CMI)
- c) Little Flower Rehabilitation Centre (CMI)

**20. GOOD SHEPHERD CHURCH, KARAMADAI**
- a) St. Joseph's Mat. Hr. Sec. School (Diocese)
- b) Good Shepherd Convent (FCC)
- c) Good Shepherd Garment Unit (FCC)
- d) Zion Ashram (MMB)
- e) Zion Illam (MMB)
- f) Karunai Illam (FCC)

**21. ST. JOSEPH'S CHURCH, METTUPALAYAM**
- a) ST. ALPHONSA - EDAYARPALAYAM
- b) St. Joseph's Nursery School (Parish)
- c) San Jose Convent (FCC)
- d) San Jose Mat. Hr. Sec. School (FCC)
- e) Little Flower Convent, Kumarapuram (FCC)

**22. JEEVAN JYOTHI CENTRE, CHINNATHOTTIPALAYAM**
- a) Clare Illam (FCC)
- b) Jeevan Jyothi Animation Centre (FCC)

**23. ST. JOHN PAUL -PERIYANAYAKKANPALAYAM**
- a) Infant Jesus Convent (CMC)
- b) Infant Jesus School (CMC)
- c) Infant Jesus School for deaf and Dumb (CMC)

**24. VADAVALLI MISSION**
- a) Nazreth Bhavan (CSC)
- d) Ashraya Bala Bhavan (CSC)
- c) Little Flower Mission Centre (CMI)
- d) Chavara Vidhya Bhavan Mat. Hr. Sec. School (CMI)

**25. ST. MARY'S MISSION, ANNUR**
- a) St. Mary's Convent (SKD)
- b) St. Mary's Mat. Hr. Sec. School (SKD)

**26. LOURD MATHA FORANE CHURCH, ERODE**
- a) Christu Jyothi Convent (FCC)
- b) Christu Jyothi Mat. Hr. Sec. School (FCC)
- c) Jyothi Bhavan (FCC)
- d) Christu Jyothi Hospital (FCC)
- e) Assisi Bhavan (FCC)
- f) Annai Mary F.C. Convent (FCC)
- g) Annai Mary Lower Primary School (FCC)
- h) Carmel House (CMI)
- i) Carmel Matric Hr. Sec. School (CMI)
- j) Nirmala Matha Convent (SABS)
- k) Nirmala Matha Novitiate House, Moolakkarai (SABS)
- l) Nirmala Matha Mat. Hr. Sec. School (SABS)
- m) Nirmala Matha Ladies Hostel (SABS)
- n) St. Antony's Convent, Palayakottai (CSM
- o) St. Antony's Matric. School, Palayakottai (CSM)
- p) Assisi Convent, Akkaraikodiveri (ASMI)
- q) Assisi Hospital, Akkaraikodiveri (ASMI)

**27. ST. ANTONY'S CHURCH, SASTHRI NAGAR**

**28. ST. ANTONY'S MISSION CENTRE, CHENNIMALAI**
- a) Vimala Convent (FCC)
- b) Vimala High School (FCC)
- c) Udayam Monastery (CMI)
- d) Udayam Home for the Mentally Challenged (CMI)

**29. MOUNT CARMEL CHURCH, TIRUPUR**
- a) Little Flower Convent (CMC)
- b) Little Flower Mat. Hr. Sec. School (CMC)
- c)Santhome Creations, Avinasi (Tirupur)
- d) Assisi Convent, Avinasi (ASMI)
- e) Assisi Garment Centre, Avinasi (ASMI)

**30. ST. ANTONY'S MISSION CENTRE, KANGAYAM**
- a) Mercy Convent (FCC)
- b) Mercy Mat. Hr. Sec. School (FCC)

**31. ST. ANTONY'S CHURCH, KARUR**
- a) St. Antony's Convent (FCC)
- b) St. Antony's Mat. Hr. Sec. School (FCC)
- c) Sirumalar Illam (CST)
- d) Little Flower Mat. School (CST)
- e) Anto Bhavan (FCC)
- f) St. Antony's Home for Mentally Challenged (FCC)